മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*181 )

**കോസ്റ്റൽ ക്രൂയിസ് ഷിപ്പിംഗ് പദ്ധതി**

1 (*181) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. എ. കെ. എം. അഷ്റഫ്):
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കോസ്റ്റൽ ക്രൂയിസ് ഷിപ്പിംഗ് പദ്ധതി നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഇതിനായി മാരിടൈം ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) കേരളത്തിൽനിന്നും ഗൾഫ് മേഖലകളിലേക്ക് യാത്രാക്കപ്പൽ സർവീസ് നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ&ബി) സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കോസ്റ്റൽ ക്രൂയിസ് ഷിപ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് താൽപര്യമുള്ള ഏജൻസികളിൽനിന്നും താൽപര്യപത്രം ക്ഷണിച്ചുകൊണ്ട് 21-06-2024-ൽ വിവിധ പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിൽനിന്ന് ഗൾഫ് മേഖലയിലേക്ക് യാത്രാ കപ്പൽ സർവീസ് നടത്താൻ നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി 07-03-2024-ൽ താൽപര്യപത്രം ക്ഷണിക്കുകയും താൽപര്യം അറിയിച്ച് പ്രൊപ്പോസൽ സമർപ്പിച്ച നാല് കമ്പനികളിന്മേൽ വിശദമായ പരിശോധനയ്ക്കും ചർച്ചയ്ക്കുംശേഷം രണ്ട് കമ്പനികളോട് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദേശിച്ചിട്ടുണ്ട്. വൈറ്റ് സി ഷിപ്പിംഗ് ലൈൻസ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ, ജബൽ വെഞ്ച്വേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് എന്നീ കമ്പനികളാണ് ചർച്ചയ്ക്ക് മുന്നോട്ടുവന്നത്. ഇതുസംബന്ധിച്ച് ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ പ്രതിനിധികളുമായി ചർച്ച നടത്തുകയും അവരുടെ നിർദേശപ്രകാരം ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് മുമ്പാകെ സർവീസ്

നടത്തുവാൻ ഉദ്ദേശിക്കുന്ന കപ്പലിന്റെ വിശദാംശങ്ങൾ അടക്കം അനുമതിക്കായി അയയ്ക്കാൻ ഷിപ്പിംഗ് കമ്പനികളോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി കൂടുതൽ സമയം വേണമെന്ന് വൈറ്റ് സി ഷിപ്പിംഗ് പ്രൈവറ്റ് ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയുടെ ഉത്തരത്തിൽ ഗൾഫ് മേഖലയിലേക്കുള്ള യാത്രയെ സംബന്ധിച്ച് വിശദീകരിക്കുകയുണ്ടായി. ഗൾഫിൽ പൊതുവെ വളരെ പ്രയാസം അനുഭവിക്കുന്ന ധാരാളം പ്രവാസികളുണ്ട്, വിമാന ടിക്കറ്റ് ചാർജ്ജും ബാഗേജ് നിരക്കും അനിയന്ത്രിതമായി വർദ്ധിപ്പിക്കുന്നതും വസ്തുങ്ങളുൾപ്പെടെയുള്ള ബാഗേജുകൾ പിടിച്ചുവയ്ക്കുന്നതും ഇവരെ എപ്പോഴും പ്രയാസത്തിലാക്കുന്നുണ്ടെന്നതിനാലാണ് യാത്രാ കപ്പലിനെക്കുറിച്ചുള്ള ആലോചനയുണ്ടായത്. ഇതുസംബന്ധിച്ച് കുറേയേറെ നടപടിക്രമങ്ങൾ സ്വീകരിച്ചുകഴിഞ്ഞുവെന്ന് പറയുന്നുണ്ടെങ്കിലും ഈ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ച് യാത്രാ കപ്പൽ സർവീസ് എപ്പോൾ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് ഈ സഭയെ അറിയിക്കാൻ സാധിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇതുസംബന്ധിച്ച് താത്പര്യപത്രം ക്ഷണിച്ചുവെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു, നാല് കമ്പനികൾ തുക ക്വാട്ട് ചെയ്തുകൊണ്ട് മുന്നോട്ടുവരികയും അതിൽ രണ്ട് കമ്പനികളുമായി ചർച്ച നടത്തുകയും ചെയ്തു. ഇതുസംബന്ധിച്ച് കേന്ദ്ര ഷിപ്പിംഗ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തി അംഗീകാരം വാങ്ങേണ്ടതുണ്ട്. കൂടാതെ മറ്റ് വിശദാംശങ്ങൾ കൂടുതലായി പഠിച്ച് പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നീക്കങ്ങൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. കഴിയുന്നത്ര വേഗത്തിൽ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, തിരുവനന്തപുരം-കൊച്ചി- കോഴിക്കോട് തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ക്രൂയിസ് ഷിപ്പിംഗ് ആരംഭിക്കുന്നതിനായി ഏതെങ്കിലും കമ്പനികൾ താത്പര്യമറിയിച്ചുകൊണ്ട് മുന്നോട്ടുവന്നിട്ടുണ്ടോ; അവരുമായി ചർച്ച നടത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇതുസംബന്ധിച്ച് താത്പര്യപത്രം ക്ഷണിക്കുകയും നിരവധി കമ്പനികൾ താത്പര്യമറിയിച്ച് മുന്നോട്ടുവരികയും

അതിൽത്തന്നെ ഏതാനും കമ്പനികളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2025 ജനുവരിയിൽ കൊച്ചി-ദുബായ് പാസഞ്ചർ കപ്പൽ ആരംഭിക്കാൻ കഴിയുമെന്നാണ് നേരത്തെ പ്രഖ്യാപിച്ചിരുന്നത്, അതുസംബന്ധിച്ച് അങ്ങയുടെ ഭാഗത്തുനിന്ന് ഇപ്പോൾ വിശദീകരണവുമുണ്ടായി. ചില സീസണുകളിൽ പ്രവാസികളെ ഞെക്കികൊല്ലുന്ന ചില വിമാന കമ്പനികളുടെ ക്രൂരതയാണ് യാത്രാകപ്പൽ എന്നൊരു ചിന്തയ്ക്ക് പ്രേരണയായത്. വൺവേ ടിക്കറ്റിന് മാത്രം പതിനായിരം രൂപ വരുമെന്നാണ് ഇപ്പോൾ പറയുന്നത്, അപ്പോൾ ഗൾഫിലേക്കുള്ള ടിക്കറ്റിന് ഇരുപതിനായിരം രൂപ ആവശ്യമായിവരും. ഇത്തരത്തിൽ ഒരു ഉയർന്ന ചാർജ്ജ് നമ്മുടെ പ്രവാസികൾക്ക് എത്രമാത്രം ഗുണകരമാണ് എന്നതിനെക്കുറിച്ച് സർക്കാർ ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. വി.എൻ. വാസവൻ: സർ, ഇതു സംബന്ധിച്ചുള്ള എല്ലാ പഠനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ആനന്ദോപാധികൾ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കണം ദുബായ്-കൊച്ചി കപ്പൽയാത്ര ഓർഗനൈസ്

ചെയ്യേണ്ടത്. വിമാനയാത്രയ്ക്ക് മൂന്നര മണിക്കൂർ മതിയെങ്കിൽ കപ്പൽയാത്രയ്ക്ക് മൂന്നുദിവസമെടുക്കുമെന്നതിനാൽ ആനന്ദോപാധികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ട് വ്യക്തമായ ധാരണയോടും ഭാവനയോടുംകൂടി പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഏറ്റവും കൂടുതൽ കപ്പൽ ജീവനക്കാരും ഇതുമായി ബന്ധപ്പെട്ട ഉന്നതമേഖലകളിൽ പ്രവർത്തിക്കുന്ന ആളുകളും ഉൾപ്പെടുന്ന ഒരു പ്രദേശമാണ് എന്റെ മണ്ഡലം. പ്രവാസികൾ ഏറ്റവും തിങ്ങിപ്പാർക്കുന്ന നമ്മുടെ സംസ്ഥാനത്ത് വിദേശയാത്രാ ടിക്കറ്റ് ചാർജ്ജുകൾ വളരെയധികം വർധിക്കുന്ന സാഹചര്യത്തിൽ വിമാനയാത്രയ്ക്ക് പകരമായി കപ്പൽയാത്ര സുഗമമായാൽ വലിയ രീതിയിൽ ഗുണം ചെയ്യുമെന്നുള്ള ചർച്ച നമ്മൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വിമാന ടിക്കറ്റ് നിരക്ക് വർദ്ധിക്കുന്നുണ്ടെങ്കിലും മൂന്നുനാല് മണിക്കൂർകൊണ്ട് എത്താൻ കഴിയുമെന്നും കപ്പൽ മാർഗ്ഗമാണെങ്കിൽ ഗൾഫിലേക്കെത്തുന്നതിന് മൂന്നരദിവസത്തെ യാത്ര

ആവശ്യമായി വരില്ലേയെന്നുമുള്ള പ്രശ്നം ഒരു ചോദ്യമായി ഈയവസരത്തിൽ ഉന്നയിക്കപ്പെടുന്നുണ്ട്. കേരളത്തിൽ, കൊച്ചിയിലേക്ക് 'കോർഡീലിയ ക്രൂയിസ്' പോലെയുള്ള ഏറ്റവും മികച്ച ആഡംബര കപ്പലുകൾ നിരന്തരമായി വന്നുപോയികൊണ്ടിരിക്കുന്നുണ്ട്, മികച്ച രീതിയിൽ വരുമാനമുണ്ടാക്കുന്ന ഒരു ലോകോത്തര കമ്പനിയുടെ കപ്പലാണിത്. സ്വിമ്മിംഗ് പൂൾ, ഗെയിംസ് & സ്പോർട്സ് സംവിധാനങ്ങൾ, സ്പാ അടക്കമുള്ള ആയുർവേദ സേവനങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു സെമി ആഡംബര കപ്പൽ സംവിധാനം ഏർപ്പെടുത്താൻ സാധിച്ചാൽ, നമ്മുടെ സംസ്ഥാനത്തുനിന്നും കുടുംബസമേതം ഗൾഫിലേക്ക് പോകുന്ന ആളുകൾ വലിയ രീതിയിൽ ഉപയോഗപ്പെടുത്തുകയും സംസ്ഥാനത്തിന് വരുമാനം ലഭ്യമാകുകയും ചെയ്യുമെന്നതിനാൽ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ആഡംബര സെമി കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അങ്ങ് പറഞ്ഞതുപോലെ "കോർഡീലിയ സർവീസ് നടത്തിയാൽ മാത്രമേ വിജയിക്കുകയുള്ളൂ എന്നതിനാൽ അന്താരാഷ്ട്ര

ക്രൂയിസ് കപ്പൽ സർവീസ് നടത്തുന്ന അത്യാഡംബര കപ്പലുകളെ എത്തിക്കുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്.

ശ്രീ. നജീബ് കാന്തപുരം: സർ, പ്രവാസികളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ബുദ്ധിമുട്ട് അവരുടെ യാത്രാദുരിതം തന്നെയാണ്. വളരെ ഭീകരമായ ചാർജ്ജ് നൽകി വിമാനയാത്ര ചെയ്യേണ്ടിവരുന്നത് ബുദ്ധിമുട്ടായി മാറുന്ന സാഹചര്യങ്ങൾ പലപ്പോഴും ഉണ്ടാകാറുണ്ട്. അതിനെക്കൂടി മറികടക്കാൻവേണ്ടിയാണ് കപ്പൽയാത്രയെക്കുറിച്ച് ആലോചിക്കുന്നത്. ഭീമമായ വിമാനയാത്രാ നിരക്ക് താങ്ങാൻ കഴിയാത്ത ഏറ്റവും സാധാരണക്കാർക്കുള്ള ഒരു യാത്രാ മാർഗ്ഗമായി കപ്പൽയാത്ര മാറുന്ന വിധത്തിൽ സാധ്യമായ ഏറ്റവും കുറഞ്ഞ നിരക്കിലേക്ക് യാത്രാ ടിക്കറ്റ് തുക കുറയ്ക്കുന്നതിന് ഏതെങ്കിലും തരത്തിൽ ഇടപെടൽ നടത്തിയിട്ടുണ്ടോ; കപ്പൽ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്ത കമ്പനികൾ എത്രയെണ്ണമാണ്; സന്നദ്ധത അറിയിച്ചവർ എത്ര; ഗവൺമെന്റ് ഏതെങ്കിലും തരത്തിലുള്ള സബ്സിഡികളോ മറ്റ് ഇളവുകളോ നൽകി യാത്രാനിരക്ക് കുറച്ചുകൊണ്ടുവരാൻ സാധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുവരെ നാല് കമ്പനികൾ പദ്ധതിയുമായി സഹകരിക്കാൻ മുന്നോട്ടുവന്നതിൽ രണ്ട് കമ്പനികൾ ക്വാളിഫൈ ചെയ്തിട്ടുണ്ട്. അവരുമായി ചർച്ച നടത്തിക്കഴിഞ്ഞു, അടുത്തഘട്ടമെന്നെ നിലയിൽ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. കഴിയുന്നത്ര ചെലവ് കുറഞ്ഞ രീതിയിൽ നടപ്പാക്കാനാണ് ശ്രമിക്കുന്നത്, ഗവൺമെന്റ് സബ്സിഡിയെ സംബന്ധിച്ച് ഇതുവരെ ആലോചിച്ചിട്ടില്ല. ഭാവിയിൽ അത്തരം കാര്യങ്ങൾകൂടി ആലോചിക്കാവുന്നതാണ്.

ശ്രീ. സി. കെ. ഹരിന്ദ്രൻ: സർ, വിഴിഞ്ഞം തുറമുഖം ഡിസംബറോടുകൂടി പൂർണ്ണമായും പ്രവർത്തനസജ്ജമാകുമ്പോൾ കൂടുതൽ ചരക്ക് കപ്പലുകൾ എത്തുകയും കടൽവഴി മാരിടൈം ബോർഡിന് കീഴിലുള്ള മറ്റ് നോൺ മേജർ തുറമുഖങ്ങളിലേക്കുകൂടി ചരക്ക് ഗതാഗതം വർധിക്കുമെന്ന് കരുതുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, നോൺ മേജർ തുറമുഖങ്ങളുമായി ബന്ധിപ്പിച്ചുള്ള ചരക്കുകപ്പലിനെക്കുറിച്ച് ഇതിനോടകംതന്നെ മാരിടൈം

ബോർഡ് ആലോചിച്ചിക്കുകയും ആവശ്യമായ തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്, അവ നടപ്പിലാക്കുന്നതാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കണ്ണൂർ അഴീക്കലിൽ പുതിയതായി തുടങ്ങാൻ തീരുമാനിച്ച മലബാർ ഇന്റർനാഷണൽ ഗ്രീൻ ഫീൽഡ് തുറമുഖത്തിന്റെ കരടുപദ്ധതി അംഗീകരിച്ചതായ വാർത്തകൾ പുറത്തുവരികയുണ്ടായി. പദ്ധതി ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. മലബാർ ഇന്റർനാഷണൽ ഗ്രീൻ ഫീൽഡ് തുറമുഖത്തിന്റെ പ്രവൃത്തി വൈകാതെ ആരംഭിക്കാൻ കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കഴിയുന്നത്ര വേഗത്തിൽ ആരംഭിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിരുന്നു. മാരിടൈം ബോർഡ് പ്രസ്തുത വിഷയം ഗൗരവമായെടുത്തിട്ടുണ്ട്, ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെ പങ്കെടുത്തുകൊണ്ടുള്ള യോഗം നടന്നുകഴിഞ്ഞു. കഴിയുന്നത്ര വേഗത്തിൽ പദ്ധതി മുന്നോട്ടുകൊണ്ടുപോകും.

ശ്രീ. യു. എ. ലത്തീഫ്: സർ, ഉത്സവകാലത്തും അല്ലാതെയും വിമാന കമ്പനികൾ വിദേശത്തേയ്ക്കുള്ള യാത്രാനിരക്ക് ഭീമമായി വർദ്ധിപ്പിക്കുന്നത്

ഒരുപരിധിവരെ തടയുന്നതിനായി കേരളത്തിൽനിന്നും വിദേശ രാജ്യങ്ങളിലേക്ക്, പ്രത്യേകിച്ച് ഗൾഫ് നാട്ടുകളിലേക്ക് ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം യാത്രാ കപ്പൽ സർവീസ് ആരംഭിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ടോ; സർസീസ് തുടങ്ങുന്നതിനായി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച എല്ലാ കാര്യങ്ങളും പരിശോധിച്ചുവരികയാണ്.

ശ്രീമതി ദെലീമ: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ടം ഡിസംബർ മാസത്തോടെ പൂർണ്ണസജ്ജമാകുമല്ലോ, അതോടൊപ്പം തുറമുഖ വികസനം, ക്രൂയിസ്-ചരക്ക്-യാത്രാ ഗതാഗതം തുടങ്ങിയവ പരിപോഷിപ്പിക്കുവാൻ കേരള മാരിടൈം ബോർഡ് നടപടി സ്വീകരിക്കുന്നുണ്ട്. അന്താരാഷ്ട്ര തലത്തിലുള്ള കൂടുതൽ നിക്ഷേപകരെ ഇതിലേക്ക് ആകർഷിക്കുന്നതിനായി ഒരു അന്താരാഷ്ട്ര കേരള മാരിടൈം സമ്മിറ്റ് നടത്തുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സമ്മിറ്റുകളുടെ കാര്യം പരിഗണനയിലുണ്ട്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, സംസ്ഥാനത്തെ മാരിടൈം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും അതുവഴി കൂടുതൽ വരുമാനം സംസ്ഥാനത്തിന് ലഭ്യമാക്കുവാനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകംതന്നെ പത്രപരസ്യങ്ങൾ നൽകിയും സമ്മിറ്റുകൾ സംഘടിപ്പിക്കാനാവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കിയും കൂടുതൽ വരുമാനം ലഭ്യമാക്കാൻ കഴിയുന്ന സാഹചര്യങ്ങൾ സംജാതമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമായിരിക്കുകയാണ്. തുറമുഖ നിർമ്മാണം സംബന്ധിച്ച ആദ്യ ചർച്ചകളിൽത്തന്നെ സർക്കാരും തുറമുഖ കമ്പനിയുമെല്ലാം നൽകിയ ഉറപ്പ്, അവിടെയുള്ള തൊഴിലവസരങ്ങളിൽ അൻപത് ശതമാനവും പ്രദേശവാസികൾക്ക് നൽകുമെന്നായിരുന്നു. ഇന്നുവരെ അവിടെ നടന്നിട്ടുള്ള നിയമനങ്ങളിൽ ഈ അനുപാതം കൃത്യമായി പാലിച്ചിട്ടുണ്ടോ; ഇക്കാര്യം കൃത്യമായി നടപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ശ്രീ. വി. എൻ. വാസവൻ: സർ, അൻപത് ശതമാനം തൊഴിലവസരങ്ങളും പ്രദേശവാസികൾക്ക് നൽകണമെന്ന ആശയം നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. ലഭ്യമായ കണക്കനുസരിച്ച് അനുപാതം 56 ശതമാനത്തോളം എത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്, ബന്ധപ്പെട്ടവരുടെകൂടി സാന്നിധ്യത്തിൽ ചർച്ചചെയ്ത് ലഭ്യമായ വിവരങ്ങൾ ശരിയാണോയെന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, തുറമുഖ വകുപ്പിന്റെ കീഴിലുള്ള ഇന്ത്യൻ മാരിടൈം സർവകലാശാലയുടെ കീഴിൽ എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്, എവിടെയെല്ലാമാണ് ആ കേന്ദ്രങ്ങളുള്ളത്? നേരത്തെ ഉദുമയിൽ ഒരു ഉപകേന്ദ്രമുണ്ടായിരുന്നു. അവിടെ 4 ബാച്ച് ക്ലാസ് നടത്തുകയും സർട്ടിഫിക്കറ്റ് വാങ്ങി ബോട്ട് ക്രൂ എല്ലാം അവിടെനിന്ന് പോകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ആ കേന്ദ്രം പ്രവർത്തിക്കുന്നില്ല. അത് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നീണ്ടകരയിലും കൊടുങ്ങല്ലൂരിലുമായി നിലവിൽ രണ്ട് കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. ഉദുമയിലെ കാര്യങ്ങൾ ഭാവിയിൽ പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ ട്രയൽ റൺ ആരംഭിച്ചശേഷം നാളിതുവരെ എത്ര കപ്പലുകളാണ് എത്തിയതെന്നും ഇതുവഴി സംസ്ഥാന സർക്കാരിന് നികുതിയിനത്തിൽ എത്ര തുക സമാഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ 29 കപ്പലുകൾ വന്നുപോയിട്ടുണ്ട്. കഴിഞ്ഞ സെപ്റ്റംബർ 30 വരെയുള്ള കണക്കനുസരിച്ച് 19 കപ്പലുകൾക്കായി സംസ്ഥാന ഗവൺമെന്റിന് നികുതിയിനത്തിൽ 4.7 കോടി രൂപ വരുമാനം ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. വി. ശ്രീനിജൻ: സർ, വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് യാഥാർത്ഥ്യമായതോടുകൂടി സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയ്ക്ക് വലിയ സാധ്യതയാണ് തുറന്നുകിടക്കുന്നത്. ഇത് പൂർണ്ണമായും

പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ വ്യവസായ വകുപ്പുമായി കൂടിച്ചേർന്നുകൊണ്ട് വലിയ രൂപത്തിലുള്ള പദ്ധതികളാവിഷ്കരിച്ച് നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പ്രാചീന കേരളത്തിലെ ഏറ്റവും പഴക്കംചെന്ന മുസിരിസ് തുറമുഖവുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ വിനോദസഞ്ചാരത്തിനുവേണ്ടി കോസ്റ്റൽ ക്രൂയിസ് ഷിപ്പിംഗ് പദ്ധതി തുറമുഖ വകുപ്പും മാരിടൈം ബോർഡും മുമ്പ് ആലോചിച്ച് അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളതാണ്. ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, മാരിടൈം ബോർഡ് അതുസംബന്ധിച്ച് പഠനം നടത്തി കഴിഞ്ഞ കമ്മിറ്റി അത് ചർച്ച ചെയ്തിട്ടുണ്ട്. ഭാവി പ്രവർത്തനങ്ങൾക്ക് തുടർന്ന് രൂപം നൽകുന്നതാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, കേരളത്തിൽ ജലഗതാഗതത്തിന് വളരെയേറെ സാധ്യതയുണ്ട്. കേരളത്തിലെ ചെറുകിട തുറമുഖങ്ങളുമായി ബന്ധപ്പെടുത്തി വിനോദസഞ്ചാര മേഖലയ്ക്കുള്ള സാധ്യതകൾ വളരെ വലുതാണ്. ഇത്തരത്തിൽ ആഡംബര സർവീസുകൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും കമ്പനികൾ നിലവിൽ സംസ്ഥാന ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച് താൽപര്യപത്രം ക്ഷണിച്ചിരുന്നു. പത്തോണ്ടോളം കമ്പനികൾ വന്നിരുന്നു. അതിൽ ചില കൂട്ടരുമായി ചർച്ച നടത്തി അത് നടപ്പാക്കാൻവേണ്ടിയുള്ള ശ്രമം നടന്നുവരികയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, വാണിജ്യാവശ്യങ്ങളും ചെലവ് കുറഞ്ഞ നിരക്കിലുള്ള വിദേശയാത്രകളും മുൻനിർത്തി കേരളത്തിലെ ഷിപ്പിംഗ് കോർപ്പറേഷന്റെയും ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെയും പ്രവർത്തനം കാര്യക്ഷമമാക്കി കൂടുതൽ കാർഗോ സൗകര്യങ്ങളുണ്ടാക്കാനും അതുവഴി അധിക വരുമാനം നേടിയെടുക്കാനും പദ്ധതികളുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച ആലോചനകൾ നടത്തിയിട്ടുണ്ട്. ഭാവി പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയും ശ്രീ. എ. കെ. എം. അഷ്റഫും സൂചിപ്പിച്ചതുപോലെ, ആഡംബര കപ്പൽ ടൂറിസം വകുപ്പുമായി കണക്ട് ചെയ്യുകയാണെങ്കിൽ കേരളത്തിന് വലിയ വരുമാനമുണ്ടാകും. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ cordelia എന്ന ആഡംബര കപ്പലിൽ യാത്ര ചെയ്യാൻ കഴിഞ്ഞ ഒരു വ്യക്തിയാണ് ഞാൻ. മികച്ച രീതിയിൽ വരുമാനമുണ്ടാക്കുന്ന ഒരു കപ്പലാണിത്. 25 വർഷങ്ങൾക്കുമുമ്പ്, പൊളിക്കാൻവേണ്ടി അമേരിക്കക്കാർ മാറ്റിവച്ച കപ്പൽ ഇന്ത്യാക്കാർ വാങ്ങി അതിലൂടെ വലിയൊരു വരുമാന സ്രോതസ്സുകൂടിയുണ്ടാക്കുന്നു. തുറമുഖ വകുപ്പും ടൂറിസം വകുപ്പുമായി കണക്ട് ചെയ്ത് cordelia പോലുള്ള ആഡംബര കപ്പൽ ടൂറിസം മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനാവശ്യമായ നടപടിയുണ്ടാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങയുടെ നിർദേശം സ്വാഗതാർഹമാണ്. ഒരു ഘട്ടത്തിൽ ടൂറിസം വകുപ്പുമായി പ്രാഥമിക ചർച്ചകൾ നടത്തിയിരുന്നു. അത് നടപ്പിലാക്കുന്നതിനുവേണ്ടി പരിശ്രമിക്കും.

ശ്രീ. ജോബ് മൈക്കിൾ: സർ, ചരക്കുഗതാഗതം വളരെയധികം പ്രാധാന്യത്തോടുകൂടി കണ്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. കോട്ടയം തുറമുഖം ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിന് കൂടുതലാവശ്യമായ സൗകര്യങ്ങൾ നടപ്പാക്കുമോ; ചരക്കുഗതാഗതത്തിനുവേണ്ടി കോട്ടയം, ചങ്ങനാശ്ശേരി, ആലപ്പുഴ, കൊല്ലം ബോട്ട് റൂട്ടിനാവശ്യമായ സൗകര്യങ്ങളും അതിനുവേണ്ട അനുബന്ധ ക്രമീകരണങ്ങളും നടത്താൻ തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കോട്ടയം തുറമുഖം ഉൾനാടൻ ജലഗതാഗതത്തെ പ്രയോജനപ്പെടുത്തികൊണ്ടുള്ളതാണ്. അത് നേരത്തെ വ്യവസായ വകുപ്പിന്റെ കിൻഫ്രയുടെ കീഴിലായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തുറമുഖ വകുപ്പിന്റെ കീഴിൽ മാറ്റിക്കൊണ്ടുവരാനുള്ള സംവിധാനങ്ങളും തുടർന്ന് ചരക്കുഗതാഗതവുമായി ബന്ധപ്പെടുത്തി, വിഴിഞ്ഞവുമായി ബന്ധപ്പെടുത്തി കൊണ്ടുവരാനുള്ള

പ്രക്രിയകളും ആലോചിച്ചിട്ടുണ്ട്. ആ കൂട്ടത്തിൽ ചങ്ങനാശ്ശേരിയെ ബന്ധപ്പെടുത്താൻ ആലോചിക്കാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇപ്പോൾ സംസാരിച്ചത് കോട്ടയം ഡ്രൈ പോർട്ടിനെക്കുറിച്ചാണ്. അതിന് നല്ല സ്കോപ്പുണ്ടെന്നാണ് പുതിയ പൊതുവിലയിരുത്തൽ. പക്ഷേ പൂർണ്ണമായ രൂപത്തിൽ അതിന്റെ പ്രവർത്തനം മുന്നോട്ടുപോകാൻ കഴിയുന്നില്ല. അതിന്റെ അപാകതകളെന്താണെന്ന് പരിശോധിച്ച് അടിയന്തരമായി പരിഹരിച്ച് ഡ്രൈ പോർട്ടിന്റെ ഗുണം ജനങ്ങൾക്കെല്ലാവർക്കും കിട്ടത്തക്കവിധത്തിൽ വിപുലീകരിക്കുന്നതിനുവേണ്ടി നടപടിയെടുക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിശ്ചയമായും, കിൻഫ്രയുടെ കീഴിൽ 49 ശതമാനം അവരുടെയായിരുന്നു ഷെയർ. അതിൽനിന്നും മാറ്റി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അനുമതി വാങ്ങി ഇപ്പോൾ തുറമുഖ വകുപ്പിന്റെ കീഴിൽകൊണ്ടുവരികയും കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ അനുമതി വാങ്ങി ബാർജുകളിലേയ്ക്കുകൂടി ചരക്കുഗതാഗതം കൂടുതൽ

ഊർജ്ജസ്വലമാക്കാൻവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

(ചോദ്യം നമ്പർ *182)

**ലോജിസ്റ്റിക്സ് പാർക്കുകൾ**

2 (*182) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലവിസ്തൃതി എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നയത്തിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ&ബി) ഉണ്ട്. ലോജിസ്റ്റിക് ശൃംഖലയിൽ വ്യാവസായിക ഉൽപ്പാദന കേന്ദ്രങ്ങളേയും ഉപഭോഗ കേന്ദ്രങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന സുപ്രധാന

കണ്ണികളാണ് ലോജിസ്റ്റിക് പാർക്കുകൾ. കസ്റ്റംസ് ക്ലിയറൻസ്, കണ്ടെയ്നർ ഗതാഗതം, വെയർഹൗസിംഗ്, സ്റ്റോറേജ്, പാർക്കിംഗ്, ലേബലിംഗ് മുതലായ ഒട്ടനവധി സേവനങ്ങൾ ലോജിസ്റ്റിക് പാർക്കുകളിലൂടെ ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

വ്യാവസായിക വികസനത്തിന് ഇത്തരത്തിൽ കാര്യക്ഷമമായ ലോജിസ്റ്റിക് പാർക്കുകളുടെ ഒരു ശൃംഖല അത്യാവശ്യമാണെന്ന ഉത്തമ ബോധ്യത്തോടെയാണ് ലോജിസ്റ്റിക് മേഖലയെ ഒരു മുൻഗണനാ മേഖലയായി 2023-ലെ സംസ്ഥാന വ്യവസായ നയത്തിലൂടെ പ്രഖ്യാപിച്ചത്. സംസ്ഥാനത്തെ വിപുലമായ റോഡ് ശൃംഖലയും റെയിൽ, പോർട്ട്, ജലഗതാഗതം എന്നിവയുടെ ആനുകൂല്യങ്ങളും വിഴിഞ്ഞം, കൊച്ചി ഉൾപ്പെടെയുള്ള വൻകിട പോർട്ടുകളുടെ സാന്നിധ്യവും ലോജിസ്റ്റിക് മേഖലയ്ക്ക് അനുകൂല ഘടകങ്ങളാണ്. സർക്കാർ പുറപ്പെടുവിച്ച വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട ലാൻഡ് പോളിസിയിലും, KSIDC, കിൻഫ്ര ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ സംരംഭകർക്ക് നൽകുന്ന അടിസ്ഥാന സൗകര്യങ്ങളിൽ ലോജിസ്റ്റിക് മേഖലയ്ക്ക് പ്രത്യേക പരിഗണനയും സവിശേഷ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്.

മേൽപ്രകാരം ലോജിസ്റ്റിക് മേഖലയുടെ വിപുലമായ വികസനത്തിനും ഈ മേഖലയിലെ സംരംഭങ്ങൾക്ക് ഉത്തേജനം നൽകികൊണ്ട് നിക്ഷേപസാധ്യതകളും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിറുത്തി ഒരു ഉപനയമായി ' കേരള ലോജിസ്റ്റിക് പാർക്ക് പോളിസി' തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകളും അഞ്ച് മുതൽ പത്തുവരെ ഏക്കർ ഭൂമിയിൽ മിനി-ലോജിസ്റ്റിക്സ് പാർക്കുകളും നിർമ്മിക്കാൻ സർക്കാർ പ്രോത്സാഹനം നല്കുന്നതാണ്. പൂർണ്ണമായും സ്വകാര്യ മേഖലയിലോ അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയോ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

ലോജിസ്റ്റിക്സ് പാർക്കുകളുടെ പ്രധാന ഘടകങ്ങൾ (കോർ കമ്പോണന്റ്സ്) വികസിപ്പിക്കുന്നതിനും ഭൂമിയും ഭൂവികസനവും ഒഴികെയുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നിക്ഷേപ സബ്സിഡിയും പ്രസ്തുത നയം വിഭാവനം ചെയ്യുന്നു. കൂടാതെ ലോജിസ്റ്റിക്സ് പാർക്കോ മിനി-ലോജിസ്റ്റിക്സ് പാർക്കോ സ്ഥാപിക്കുന്നതിന് വില കൊടുത്ത് വാങ്ങുകയോ ദീർഘകാലത്തേയ്ക്ക് പാട്ടത്തിലെടുക്കുകയോ ചെയ്യുന്ന ഭൂമിക്ക്

2023-ലെ വ്യവസായനയത്തിൽ പ്രഖ്യാപിച്ച ഇളവുകളായ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജുകളും ഒഴിവാക്കുന്ന കാര്യവും ലോജിസ്റ്റിക്സ് പാർക്ക് നയത്തിൽ വിഭാവനം ചെയ്യുന്നു.

തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട് 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ടിലെ വ്യവസ്ഥകൾ ലോജിസ്റ്റിക്സ് പാർക്കിനും ബാധകമായിരിക്കുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ലോകത്ത് ഇന്ന് ഏറ്റവും ശ്രദ്ധേയമായ സംരംഭങ്ങളിലൊന്നായി ലോജിസ്റ്റിക്സ് മേഖല മാറുകയാണ്. പ്രത്യേകിച്ചും മലയാളി സംരംഭകർ ഇതിന്റെ തലപ്പത്ത് പ്രവർത്തിക്കുന്നതായി നമുക്ക് കാണാൻ കഴിയും. കേരളത്തെ സംബന്ധിച്ചിടത്തോളം വിഴിഞ്ഞം പോർട്ട് യാഥാർത്ഥ്യമാകുന്നതോടെ ലോജിസ്റ്റിക്സ് പാർക്കുകളുടെ സാധ്യത വർദ്ധിച്ചുവരികയാണ്. ഈ സാധ്യത ഉപയോഗപ്പെടുത്താൻ എന്തെല്ലാം നടപടിയാണ് സ്വീകരിക്കുന്നത്; ഈ തരത്തിൽ ലോജിസ്റ്റിക്സ് പാർക്കുകൾക്കുവേണ്ട സ്ഥലം കണ്ടെത്തിയിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ലോജിസ്റ്റിക്സ് പാർക്കിന്റെ സാധ്യതകൾ കേരളത്തിൽ വളരെ ശക്തമാണെന്ന് ബഹുമാന്യനായ അംഗം പറഞ്ഞത് ശ്രദ്ധേയമാണ്. ഇവിടെ വിഴിഞ്ഞം, കൊച്ചി പോർട്ടുകളും 17 മിനി പോർട്ടുകളും 4 അന്താരാഷ്ട്ര വിമാനത്താവളങ്ങളുമെല്ലാമുള്ളതുകൊണ്ട് ലോജിസ്റ്റിക്സ് പാർക്കുകൾക്ക് നല്ല സാധ്യതയുണ്ട്. അതിന്റെ ഭാഗമായിട്ടാണ് പുതിയ ലോജിസ്റ്റിക് പോളിസി സർക്കാർ അംഗീകരിച്ചിട്ടുള്ളത്. 10 ഏക്കറിന് മുകളിൽ ഭൂമിയുള്ളതാണെങ്കിൽ സ്വകാര്യ ലോജിസ്റ്റിക് പാർക്കിന് സർക്കാർ അംഗീകാരം നൽകുന്നുണ്ട്. 7 കോടി രൂപവരെ ക്യാപിറ്റൽ ഇൻസെന്റീവായി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന് ഗവൺമെന്റ് നൽകുന്ന പോളിസിയാണ് അംഗീകരിച്ചിട്ടുള്ളത്. 5 ഏക്കറിനും 10 ഏക്കറിനും ഇടയിലാണെങ്കിൽ മിനി ലോജിസ്റ്റിക് പാർക്കെന്ന രൂപത്തിൽ സ്വകാര്യ പാർക്കുകൾക്കുള്ള അംഗീകാരം നൽകുന്നുണ്ട്. അവർക്കും സാമ്പത്തികമായ പിന്തുണ ഉറപ്പുവരുത്തുന്നുണ്ട്. ലോജിസ്റ്റിക് പാർക്കുകൾ വിഴിഞ്ഞം, കൊച്ചി തുടങ്ങിയ വലിയ തുറമുഖങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് ഭൂമി ലോജിസ്റ്റിക് പാർക്കുകൾക്ക് ലഭ്യമാകാൻ ലാൻഡ് പൂളിംഗിന്റെ ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആ

മേഖലയ്ക്കകത്തെ ഭൂമി പൂൾ ചെയ്യാനുദ്ദേശിക്കുന്നത് നോട്ടിഫൈ ചെയ്യും. നോട്ടിഫൈ ചെയ്യുമ്പോൾ 75 ശതമാനം ഭൂഉടമസ്ഥരും അതിനോട് അനുകൂലമാണെങ്കിൽ ആ ലാൻഡ് പൂൾ ചെയ്യുകയും അത് ഡെവലപ് ചെയ്തെടുത്ത് ഒരു ഭാഗം ഉടമസ്ഥർക്ക് തിരിച്ചുകൊടുക്കുക, ബാക്കിഭാഗങ്ങൾ വ്യവസായ ആവശ്യങ്ങൾക്കും പൊതുആവശ്യങ്ങൾക്കുംവേണ്ടി വിനിയോഗിക്കുക എന്നതാണ് ലാൻഡ് പൂളിംഗ് റൂൾസിന്റെ പ്രധാനപ്പെട്ട ഭാഗം. അത് അനുസരിച്ചുകൊണ്ട് 20 കിലോമീറ്ററിനുള്ളിലെങ്കിലും വിഴിഞ്ഞത്ത് ഒരു ലോജിസ്റ്റിക് പാർക്ക് എന്ന കാഴ്ചപ്പാടാണുള്ളത്. അന്താരാഷ്ട്ര കമ്പനികളെല്ലാംതന്നെ ഇതുമായി ബന്ധപ്പെട്ട് താൽപര്യം പ്രകടപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് എല്ലാ നിലപാടുകളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിനനുസൃതമായ പോളിസിയും ഇപ്പോൾ രൂപപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സർക്കാരിന്റെ ലോജിസ്റ്റിക്സ് നയത്തിലൂടെ ഈ മേഖലയിലെ സ്വകാര്യ നിക്ഷേപങ്ങളെ എങ്ങനെയാണ് പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത നയം നടപ്പാക്കുന്നതിൽ സർക്കാർ നിശ്ചിത സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ? ലോജിസ്റ്റിക്സ്

മേഖലയിലുള്ള പല വ്യക്തികളും ഇതര സംസ്ഥാനങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും പോകുകയാണ്. അവരെ നമ്മുടെ സംസ്ഥാനത്തുതന്നെ നിലനിർത്താനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, സ്വകാര്യ ലോജിസ്റ്റിക്സ് പാർക്കുകൾക്ക് നൽകുന്ന സാമ്പത്തിക പിന്തുണ സംബന്ധിച്ച് ഞാൻ ആദ്യഭാഗത്ത് സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ നാട്ടിലെ സംരംഭകർ വിദേശത്തേക്ക് പോകുന്നുവെന്ന് പറയുമ്പോൾത്തന്നെ, പല അന്താരാഷ്ട്ര സ്ഥാപനങ്ങളും കേരളത്തിലേക്ക് വരികയും ചെയ്യുന്നുണ്ട്. റാങ്കിംഗിൽ ലോകത്തിലെതന്നെ ഒന്നാമതായ പനറ്റോണി, കൊച്ചിയിൽ നേരത്തെ ബിനാനി സിങ്ക് ലിമിറ്റഡിന്റെ ഭൂമിയായിരുന്നു. ആ 108 ഏക്കറിൽ ലോജിസ്റ്റിക്സ്-കം-ഇൻഡസ്ട്രിയൽ ഹബ് ആരംഭിക്കുന്നതിനുള്ള നടപടികളിലേക്ക് കടന്നിരിക്കുകയാണ്. 2500 കോടി രൂപയുടെ നിക്ഷേപമാണ് അവിടെ പ്രതീക്ഷിക്കുന്നത്. അതുസംബന്ധിച്ച് നവംബറിൽ അവസാന തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യയിലെതന്നെ വളരെ

പ്രധാനപ്പെട്ട ലോജിസ്റ്റിക്സ് കമ്പനിയായ, ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന Avigna, അങ്കമാലി നിയോജകമണ്ഡലത്തിൽ പാറക്കടവ് എന്ന സ്ഥലത്ത് അഞ്ചര ലക്ഷം സ്ക്വയർ ഫീറ്റിൽ ലോകോത്തര നിലവാരമുള്ള വെയർഹൗസിംഗ് നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. അതിൽ ഒരു ലക്ഷം സ്ക്വയർ ഫീറ്റിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ബാക്കിയുള്ളതിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയുമാണ്. ലോകോത്തര സംവിധാനമായ ഫ്ലിപ്കാർട്ടിന്റെ രണ്ടര ലക്ഷം സ്ക്വയർ ഫീറ്റിന്റെ ലോജിസ്റ്റിക്സ് സംവിധാനത്തിന്റെ നിർമ്മാണം ആലുവയിൽ (മന്നം) പൂർത്തിയായിവരുന്നു. കളമശ്ശേരിയിൽ അദാനി ഗ്രൂപ്പിന്റെയും ഫ്ലിപ്കാർട്ടിന്റെയും ഉൾപ്പെടെ വലിയ ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണത്തിനാവശ്യമായ നടപടികൾ അവസാന ഘട്ടത്തിലേയ്ക്കെത്തിയിട്ടുണ്ട്. ഫ്ലിപ്കാർട്ടിന്റെ അഞ്ച് ലക്ഷം സ്ക്വയർ ഫീറ്റിന്റെ വെയർഹൗസിംഗ് നിർമ്മാണം ഏകദേശം പൂർത്തീകരിച്ച് കഴിഞ്ഞു. ഞാൻ വിഴിഞ്ഞം സന്ദർശിച്ചതിന്റെയും തുറമുഖ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയുടെയും അടിസ്ഥാനത്തിൽ, അവിടെ അദാനി ഗ്രൂപ്പിന്റെ ലോജിസ്റ്റിക്സ് സാധ്യതകളും മറ്റ് സ്വകാര്യ കമ്പനികളെ കൊണ്ടുവരുന്നതിനാവശ്യമായ

സംവിധാനങ്ങളും ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. ഇന്ത്യയിലെതന്നെ പ്രമുഖ ലോജിസ്റ്റിക്സ് ഗ്രൂപ്പായ ഹിന്ദ് ടെർമിനൽസ് പ്രൈവറ്റ് ലിമിറ്റഡ് കേരളത്തിൽ പ്രവർത്തനമാരംഭിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനാവശ്യമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. DP World എന്ന ലോജിസ്റ്റിക്സ് കമ്പനി ഇപ്പോൾത്തന്നെ കൊച്ചിയിൽ അവരുടെ പ്രവർത്തനമാരംഭിക്കുന്നുണ്ട്. അന്തർദേശീയ, ദേശീയ കമ്പനികളെ കൂടാതെ കേരളത്തിലെ സംരംഭകരും ഈ മേഖലയിൽ കേന്ദ്രീകരിക്കുന്നുണ്ട്.

ശ്രീ. യു. എ. ലത്തീഫ്: സർ, കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ലോജിസ്റ്റിക്സ് പാർക്കുകൾക്ക് കേരളത്തിൽ പ്രത്യേക പ്രാധാന്യമുണ്ട്. ഇത്തരം പാർക്കുകൾ സ്ഥാപിക്കാനാവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, സ്വകാര്യ ലോജിസ്റ്റിക്സ് പാർക്കുകളുടെ മാനദണ്ഡം നേരത്തെ നൽകിയ ഉത്തരത്തിൽ പരാമർശിക്കുന്നുണ്ട്. ഉത്തരം മേശപ്പുറത്ത് വച്ചുതന്നെ അംഗങ്ങൾക്ക് ഉപചോദ്യങ്ങൾക്കുള്ള അവസരം ലഭിക്കുമല്ലോ എന്ന് കരുതിയാണ്. പത്ത് ഏക്കറിന് മുകളിലുള്ള ഭൂമിയിൽ ലോജിസ്റ്റിക്സ്

പാർക്കുകളും അഞ്ച് മുതൽ പത്തുവരെ ഏക്കർ ഭൂമിയിൽ മിനി ലോജിസ്റ്റിക്സ് പാർക്കുകളും നിർമ്മിക്കാൻ സർക്കാർ പ്രോത്സാഹനം നല്കുന്നതാണെന്ന് അതിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. സ്വന്തമായുള്ള ഭൂമിയല്ലാതെ, മുപ്പത് വർഷത്തിനുമേൽ പാട്ടത്തിനെടുത്ത ഭൂമിയിലും ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകുന്നുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ലോജസ്റ്റിക്സ് പാർക്കുകൾ കൊച്ചിയിലും തിരുവനന്തപുരത്തുംമാത്രം കേന്ദ്രീകൃതമായിരിക്കുമോ; സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തേയ്ക്കും വ്യാപിപ്പിക്കുന്ന സാഹചര്യമുണ്ടാകുമോ; ഇവിടെ തൊഴിൽ സാധ്യതകൾ എങ്ങനെയാണ്; ഇവിടങ്ങളിൽ സർക്കാർ തസ്തികകളുണ്ടാകുമോ?

ശ്രീ. പി. രാജീവ്: സർ, കേരളം മൊത്തത്തിൽ ഒരു നഗരമാണ് എന്നുള്ളതാണ് കേരളത്തിന്റെ പ്രത്യേകത. ഇവിടെ നഗര-ഗ്രാമ വ്യത്യാസം വളരെ കുറവാണ്. ജനസംഖ്യയിലും സ്ഥലലഭ്യതയിലും പിന്നിലാണെങ്കിലും ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉപഭോഗം നടക്കുന്ന സംസ്ഥാനം കേരളമാണ് എന്നുള്ളതാണ് മറ്റൊരു സവിശേഷത. രാജ്യത്തെ ഏകദേശം ഇരുപത് ശതമാനം സാധനങ്ങളും വാങ്ങുന്നത് കേരളംതന്നെയാണ്. അതുകൊണ്ട്

ഇവിടെ ലോജിസ്റ്റിക്സ് പാർക്കുകൾക്ക് വലിയ സാധ്യതയാണുള്ളത്. പാലക്കാട് മാനുഫാക്ച്വറിംഗ് ക്ലസ്റ്റർ വരുമ്പോൾ അതിന് ചുറ്റുമുള്ള ജില്ലകളിലും വടക്കൻ ജില്ലകളിലും അവസരമുണ്ടാകും. എല്ലാ ജില്ലകളിലും ലോജിസ്റ്റിക്സ് പാർക്കുകൾ വേണമെന്നുതന്നെയാണ് സർക്കാർ കാഴ്ചപ്പാട്. എന്നാൽ സ്വകാര്യ ലോജിസ്റ്റിക്സ് പാർക്കുകളിൽ സർക്കാർ ജോലിയെന്ന കാഴ്ചപ്പാട് പ്രായോഗികമല്ല. അതത് മേഖലകളിൽ വൈദഗ്ധ്യമുള്ള തൊഴിലവസരങ്ങളാണ് അവിടങ്ങളിൽ സൃഷ്ടിക്കപ്പെടുന്നത്. ലോജിസ്റ്റിക്സ് പാർക്കിനോടൊപ്പംതന്നെ ഇൻഡസ്ട്രിയൽ ഹബ് എന്നൊരു പുതിയ കൺസെപ്റ്റ് വരുന്നുണ്ട്. നേരത്തെ ഐ.ടി. മേഖലയിലുണ്ടായിരുന്ന പ്ലഗ് ആൻഡ് പ്ലേ എന്ന കാഴ്ചപ്പാട് ഇപ്പോൾ മാനുഫാക്ച്വറിംഗിലും വരികയാണ്. ലോജിസ്റ്റിക്സ് പാർക്കിനകത്തുള്ള സൗകര്യങ്ങളോടൊപ്പം ചേർന്ന് മാനുഫാക്ച്വറിംഗ് സ്ഥാപനങ്ങളും പ്രവർത്തനമാരംഭിക്കാൻ കഴിയുന്ന രൂപത്തിൽ ബിൽഡ് ചെയ്യുന്ന രീതിയാണ് ഇത്തരം പാർക്കുകൾ സ്വീകരിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം അതിന്റെ ഭാഗമായിത്തന്നെ ആലോചിക്കുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, എല്ലാ ജില്ലകളും ലോജിസ്റ്റിക്സ് പാർക്കുകൾക്ക് അനുയോജ്യമായതാണെന്ന് അങ്ങ് പറയുകയുണ്ടായി. ബേപ്പൂർ തുറമുഖം, കാലിക്കറ്റ് ഇന്റർനാഷണൽ എയർപോർട്ട്, നിർമ്മാണം പുരോഗമിച്ചുവരുന്ന ദേശീയപാത എന്നീ സാധ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് മലപ്പുറം, കോഴിക്കോട് ജില്ലകളിലെ അതിർത്തി പ്രദേശങ്ങളിൽ ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കാൻ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിൽ മൊത്തത്തിലുള്ള സാധ്യതകളാണ് സർക്കാർ പരിഗണിക്കുന്നത്. കോഴിക്കോട് ജില്ലയിൽ ബേപ്പൂർ സാധ്യതയുള്ള സ്ഥലമാണ്. പാലക്കാട് മാനുഫാക്ച്വറിംഗ് സ്മാർട്ട് സിറ്റി വരുമ്പോൾ അതിന്റെ സാധ്യതയും കോഴിക്കോടിന് ലഭിക്കാം. ബഹുമാന്യനായ അംഗത്തിന്റെ മണ്ഡലം ഉൾപ്പെടുന്ന മലപ്പുറം ജില്ലയിൽ വലിയ സാധ്യതകളാണുള്ളത്. നല്ല രീതിയിൽ എൻ.ആർ.ഐ. വിഭാഗത്തിലെ ആളുകളുള്ള സ്ഥലമാണത്. അതിനനുസരിച്ച് മലപ്പുറത്ത് വേണ്ടത്ര സ്വകാര്യ പാർക്കുകൾ വന്നിട്ടില്ല എന്ന കാര്യം ഞാൻ ആദ്യമേ പറഞ്ഞു. എല്ലാവരും മുൻകൈയെടുത്താൽ, മുൻ വ്യവസായ വകുപ്പുമന്ത്രിയുടെയും കൂടി സ്ഥലമാണല്ലോ, സ്വകാര്യ സംരംഭകർ

വന്നാൽ കോഴിക്കോട്ടും മലപ്പുറത്തും ലോജിസ്റ്റിക്സ് പാർക്കുകൾക്ക് അനുമതി നൽകാൻ കഴിയും.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, തിരുവനന്തപുരവും എറണാകുളവും പോലെതന്നെ മലബാറിന്റെ നഗരകേന്ദ്രമാണ് കോഴിക്കോട്. അവിടെ ലോജിസ്റ്റിക്സ് പാർക്ക് ആരംഭിക്കുന്നതിന് എത്രയുംവേഗം നടപടി സ്വീകരിക്കുമോ? അത് മലബാറിലെ വ്യവസായ രംഗത്തെ വികസനത്തിന് വലിയ ഗുണകരമായി മാറുമെന്നാണ് കരുതുന്നത്.

ശ്രീ. പി. രാജീവ്: സർ, ഗവൺമെന്റ് മുൻകൈയെടുത്തുകൊണ്ടുള്ള ലോജിസ്റ്റിക്സ് പാർക്കുകൾക്കപ്പുറത്ത് സ്വകാര്യ മേഖലയിലുള്ള ലോജിസ്റ്റിക്സ് പാർക്കുകളാണുള്ളത്. അവർതന്നെ വെയർഹൗസിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് സൗകര്യമൊരുക്കും. ഇക്കാര്യങ്ങളിൽ സർക്കാർ തലത്തിൽ മുന്നോട്ടുപോയാൽ, സ്ഥലമേറ്റെടുക്കലുൾപ്പെടെ ദൈർഘ്യമേറിയ പ്രക്രിയയായിരിക്കും. മലബാർ മേഖലയിൽ കോഴിക്കോട് ജില്ലയിലെ 2006-ൽ ഏറ്റെടുത്ത രാമനാട്ടുകരയിലെ എസ്.ഡി.എഫ്. (സ്റ്റാൻഡാർഡ് ഡിസൈൻ ഫാക്ടറി)-ന്റെ പ്രവൃത്തികൾ മുന്നോട്ടുപോയില്ല. ആ സ്ഥലം മുഴുവനായും

കൊടുത്തുകഴിഞ്ഞു. ബാക്കി സ്ഥലത്തിനായി അലോട്ട്മെന്റ് നൽകിക്കൊണ്ടിരിക്കുകയാണ്. കുറേക്കാലമായി വെറുതെ കിടന്നിരുന്ന കുറ്റ്യാടി ഇൻഡസ്ട്രിയൽ പാർക്കിന്റെ ഒരു ഭാഗത്തിന്റെ വികസനപ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അധികം വൈകാതെതന്നെ ഉദ്ഘാടനം നടത്താൻ കഴിയുമെന്നാണ് കണക്കാക്കുന്നത്. എവിടെയെങ്കിലും റവന്യൂ ഭൂമിയോ സർക്കാരിന് ഉപയോഗിക്കാൻ കഴിയുന്ന ഭൂമിയോ ഉണ്ടോയെന്നുള്ള കാര്യം മാപ് ചെയ്തിട്ടുണ്ട്. കേരളത്തിൽ എത്രമാത്രം ഭൂമി ലഭ്യമാണ്, റവന്യൂ വകുപ്പിന്റെ കൈയിൽ എത്ര ഭൂമിയുണ്ട്, പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശം എത്രയുണ്ട്, പഞ്ചായത്തുകളുടെ കൈവശം വ്യവസായാവശ്യങ്ങൾക്കായെടുത്ത, ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി എത്രയാണ്, ഖാദി, ഇൻഡസ്ട്രിയൽ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ കൈവശമുള്ള ഉപയോഗിക്കാത്ത ഭൂമി എത്രയാണ് തുടങ്ങിയ കാര്യങ്ങൾ മാപ്പിംഗ് നടത്തിയിട്ടുണ്ട്. അതുകൂടി ഉപയോഗപ്പെടുത്തി ഏതെല്ലാം ജില്ലകളിൽ സാധ്യതയുണ്ടെന്ന് പരിശോധിച്ച്, ഗവൺമെന്റിന് കഴിയാവുന്നത് ഗവൺമെന്റും

മറ്റ് രീതിയിൽ സ്വകാര്യ പാർക്കുകൾക്കും മാനദണ്ഡങ്ങളനുസരിച്ച് അതിവേഗത്തിൽത്തന്നെ അനുമതി നൽകുന്നതായിരിക്കും.

ശ്രീ. വാഴൂർ സോമൻ: സർ, കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ വെയർഹൗസിംഗ് കോർപ്പറേഷന് സംസ്ഥാനത്തുടനീളം ഏകദേശം അൻപത്തിയെട്ടോളം ഗോഡൗണുകളും പത്ത് പുതിയ സ്ഥലങ്ങളും നിർണ്ണയിച്ചിട്ടുണ്ട്. അവിടെ നമ്മുടെ ഈ സംരംഭം എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നത് സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, നേരിട്ട് വിലയ്ക്ക് വാങ്ങാതെ, പൊതുമേഖലാ സ്ഥാപനങ്ങളോ സർക്കാരോ നൽകുന്ന സ്ഥലത്തിനാണ് വെയർഹൗസിംഗ് കോർപ്പറേഷൻ മുൻഗണന നൽകുന്നത്. സാധ്യമാകുന്നിടങ്ങളിലെല്ലാം അവർ പറയുന്ന സ്ഥലങ്ങളിൽ  പൊതുമേഖലാ സ്ഥാപനങ്ങളുടേതുൾപ്പെടെയുള്ള സ്ഥലങ്ങൾ നൽകാൻ സർക്കാർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നതും വെയർഹൗസിംഗ് കോർപ്പറേഷനാണ്. അത്തരം സംരംഭങ്ങൾ വരുമ്പോൾ അതിന് സഹായകരമായി ചെറിയ സംവിധാനങ്ങൾ വരുന്നതും നല്ലതാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, തിരുവനന്തപുരത്ത് സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തി ട്രിഡയുടെ ഉടമസ്ഥതയിലുള്ള എരുമക്കുഴിയിൽ ഒരു വെയർഹൗസിന് പ്ലാൻ ചെയ്തിരുന്നു. വിഴിഞ്ഞം തുറമുഖം പ്രവർത്തനമാരംഭിച്ച പശ്ചാത്തലത്തിൽ ഈ സ്ഥലം പ്രയോജനപ്പെടുത്തി ഇത്തരമൊരു ലോജിസ്റ്റിക്സ് പാർക്ക് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. രാജീവ്: സർ, അക്കാര്യം പ്രത്യേകം പരിശോധിക്കേണ്ടതാണ്. വ്യവസായ വകുപ്പിനല്ല, ട്രിഡ, ക്യാപ്പിറ്റൽ ഡെവലപ്മെന്റ് അതോറിറ്റി, ജി.സി.ഡി.എ. (ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി) തുടങ്ങിയ സ്ഥാപനങ്ങൾക്കോ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ ആണ് ലാൻഡ് പൂളിംഗിനുള്ള അധികാരമുള്ളത്. ലാൻഡ് പൂളിംഗ് നടത്തിക്കൊണ്ട് ഈ സ്ഥാപനങ്ങളെല്ലാം ആ മേഖലയിലേക്ക് തിരിയുമെന്നാണ് കണക്കാക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പും അതിനാവശ്യമായ മുൻകൈയെടുക്കുന്നുണ്ട്.

ശ്രീ. ഒ. എസ്. അംബിക: സർ, വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാൻ സംസ്ഥാന സർക്കാരുകൾ നടത്താറുള്ള ആഗോള നിക്ഷേപ സംഗമം

സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിന്റെ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഈ പോളിസിയുടെ തുടർച്ചയിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നല്ല രീതിയിൽ മുന്നോട്ടുപോകുകയാണ്. പല കാര്യങ്ങളിലും നമുക്ക് യോജിപ്പില്ലെങ്കിലും, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി Kerala capable of spearheading Industrial Revolution 4.0 എന്നാണ് ഇന്നലെ കൊച്ചിയിൽ പറഞ്ഞത്. നാലാം വ്യവസായ വിപ്ലവത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയുന്ന ഇന്ത്യയിലെ ഒന്നാമത്തെ സ്ഥലമാണ് കേരളമെന്ന തിരിച്ചറിവോടുകൂടി, കൊച്ചിയിൽ ഫെബ്രുവരി 21, 22 തീയതികളിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് സംഘടിപ്പിക്കുന്നുണ്ട്. അതിന് മുന്നോടിയായി റൗണ്ട് ടേബിൾ കോൺഫറൻസുകൾ നടക്കുന്നുണ്ട്. ജെനറേറ്റീവ് എ.ഐ.-യുടെയും റോബോട്ടിക്സിന്റെയും ഫുഡ് പ്രോസസിംഗ് മേഖലയുടെയും മാരിടൈം ലോജിസ്റ്റിക്സിന്റെയും തിരുവനന്തപുരത്ത് ലൈഫ് സയൻസിന്റെ ബയോ കണക്ടിന്റെയും റൗണ്ട് ടേബിൾ കോൺക്ലേവുകൾ കഴിഞ്ഞിട്ടുണ്ട്. ചെന്നൈ, ബംഗളൂരു റോഡ് ഷോകൾ ഇതിന് മുന്നോടിയായി

പൂർത്തീകരിച്ചു. മുംബൈ, ഡൽഹി റോഡ് ഷോകളും ഇന്ത്യയ്ക്ക് പുറത്തുള്ള റോഡ് ഷോകളും സംഘടിപ്പിക്കുന്നുണ്ട്. ആയിരം കോടി രൂപയ്ക്ക് മുകളിൽ ടേൺ ഓവറുള്ള, കേളത്തിലെ നാൽപ്പത്തിയെട്ട് സംരംഭകരെയും കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിദേശ സംരംഭകരെയും സമ്മിറ്റിലേയ്ക്ക് പ്രത്യേകമായി ക്ഷണിക്കുന്നുണ്ട്. അവർക്ക് കൂടുതൽ ഇൻവെസ്റ്റ്മെന്റ് നടത്താൻ കഴിയും. ഇന്ത്യയിലെ പ്രധാനപ്പെട്ട കോൺസുലേറ്റുകളുമായും എംബസികളുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്. നമുക്കെല്ലാവർക്കും ചേർന്ന് നല്ല രീതിയിൽ ഫെബ്രുവരി 21, 22 തീയതികളിലെ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വിജയിപ്പിക്കാൻ ശ്രമിക്കാമെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ എന്ന കൺസെപ്റ്റിന് കുറച്ചുകൂടി പ്രചാരണം നൽകുകയാണെങ്കിൽ ഒരുപക്ഷെ ലോജിസ്റ്റിക്സ് പാർക്ക് ഉൾപ്പെടെയുള്ള വെൻച്വറുകൾ വരുമ്പോൾ കൂടുതൽ ഇൻവെസ്റ്റേഴ്സ് വരാനുള്ള സാധ്യത കൂടും.

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞ ഒരു ഭാഗം വളരെ പ്രസക്തമാണ്. നാം നടത്തിക്കൊണ്ടിരിക്കുന്ന ഈ

മാറ്റങ്ങൾ ലോകത്തിന് മുന്നിൽ വേണ്ട രീതിയിൽ എത്തുന്നില്ലെന്ന് അങ്ങ് പറഞ്ഞ ഭാഗം ശരിയാണ്. ഞങ്ങൾ മറ്റ് റോഡ് ഷോകളിൽ പങ്കെടുക്കുമ്പോൾ, കേരളം വളരെ മാറിയിരിക്കുന്നുവെന്ന് അവിടെയുള്ളവർ പറയാറുണ്ട്. റാങ്കിംഗിൽ നാം ഒന്നാമതെത്തിയിരിക്കുന്നു. അത് അംഗീകരിക്കപ്പെട്ട നേട്ടമാണ്. പക്ഷെ അതിന് വേണ്ടത്ര പ്രചാരണം നൽകുന്നില്ല. പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് നടപ്പിലാക്കിയ നയമനുസരിച്ച്, ഒരു വർഷത്തിനുള്ളിൽ മുപ്പത് സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകാൻ കഴിയും. ഇന്ന് ചർച്ച ചെയ്യാൻ പോകുന്ന ബില്ലിലെ ഒരു വ്യവസ്ഥതന്നെ, അവരുടെകൂടി അഭിപ്രായം പരിഗണിച്ച്, ഓരോ പർക്കിനും സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് നൽകുകയെന്നുള്ളതാണ്. ആ പാർക്കിൽ നിലവിലുള്ള നിയമത്തിൽ ബോർഡ് രൂപീകരിക്കുമ്പോൾ, എസ്റ്റേറ്റ് ആരംഭിക്കുന്നവർക്ക് വോയിസില്ല. അതുകൊണ്ട് അതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെക്കൂടി പെർമനന്റ് ഇൻവൈറ്റിയാക്കുന്ന ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവരുന്നത്. അതോടൊപ്പംതന്നെ, ഉദ്ഘാടനത്തിന് മുമ്പുതന്നെ (പാലക്കാടാണ് ആദ്യം

ഉദ്ഘാടനം ചെയ്യത്) ആ മേഖല ഇൻഡസ്ട്രിയൽ ഏരിയയായി ഡിക്ലയർ ചെയ്യുന്ന നോട്ടിഫിക്കേഷനും ആ പാർക്കിനുവേണ്ടി രൂപീകരിക്കുന്ന സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ നോട്ടിഫിക്കേഷനും അവിടെവച്ചുതന്നെ കൈമാറുന്ന സംവിധാനം നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. നാമെല്ലാം അവരവരുടെ മണ്ഡലങ്ങളിൽ ഒരു പാർക്കെങ്കിലും വേണമെന്ന് മുൻകൈയെടുത്താൽ, പത്തിനും പതിനഞ്ചിനും ഏക്കറിനിടയിൽ സ്ഥലം കണ്ടെത്താൻ കഴിയുന്ന ധാരാളം സ്ഥലങ്ങളുണ്ടാകും, അവിടത്തെ സംരംഭകരെ കൂട്ടി യോജിപ്പിച്ചാൽ അവർക്കുള്ള സൗകര്യം കിൻഫ്ര, കെ.എസ്.ഐ.ഡി.സി., ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവയുടെ അതേ സ്റ്റാറ്റസിൽ ലഭിക്കും. അവിടെയുള്ള എല്ലാ സൗകര്യങ്ങളും ഇളവുകളും ഈ പാർക്കിൽ ലഭിക്കും. എല്ലാ മണ്ഡലങ്ങളിലും ജനപ്രതിനിധികൾ തീരുമാനിച്ച്, സ്ഥലം കണ്ടെത്തിയാൽ വ്യവസായം കൊണ്ടുവരാൻ കഴിയും. അവിടത്തെ സംരംഭകർക്കുതന്നെ മുൻഗണന നൽകാം. ഇക്കാര്യത്തിൽ നല്ല മാറ്റമുണ്ടാക്കാൻ എല്ലാവരുടെയും പിന്തുണയുണ്ടാകേണ്ടതുണ്ട്.

ഡോ. സുജിത് വിജയൻപിള്ള: സർ, ഒരു ലോജിസ്റ്റിക്സ് പാർക്ക് തുടങ്ങാൻ ഉതകുന്ന രീതിയിലുള്ള റെയിൽ, റോഡ് കണക്റ്റിവിറ്റി, ദേശീയ ജലപാതയുടെ സാമീപ്യം എന്നിവയുള്ള സ്ഥലമാണ് കെ.എം.എം.എൽ.(കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്)-ന് ചുറ്റുമുള്ള പ്രദേശം. അയൺ ഓക്സൈഡിന്റെ സാന്നിധ്യംകൊണ്ട് മലിനീകരിക്കപ്പെട്ട പ്രദേശവുംകൂടിയാണത്. ടി സ്ഥലം ഏറ്റെടുക്കണമെന്നുള്ള ആവശ്യം വർഷങ്ങളായി ഉള്ളതാണ്. അതിനാൽ ഗവൺമെന്റുതന്നെ മുൻകയ്യെടുത്ത് കെ.എം.എം.എൽ.മായി സംയോജിതമായി ഒരു ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കാനുള്ള അവസരമുണ്ടാകുമോ?

ശ്രീ. പി. രാജീവ്: സർ, കെ.എം.എം.എൽ.-ന്റെ ഒരു വലിയ സാധ്യത ടൈറ്റാനിയത്തിലേക്കുള്ള വാല്യൂ അഡിഷനാണ്. പൊതുവെയുള്ള ജിയോ പൊളിറ്റിക്കൽ കണ്ടീഷൻ വച്ച് ടൈറ്റാനിയത്തിന്റെ ഡിപ്പന്റൻസി കുറയ്ക്കാൻ, എക്സ്പോർട്ട് കുറയ്ക്കാനുള്ള സമീപനം യൂണിയൻ ഗവൺമെന്റ് സ്വീകരിക്കുന്നതിന്റെ ഭാഗമായി IREL (Indian Rare Earths Limited) ഇപ്പോൾ കെ.എം.എം.എൽ.-മായി ഒരു ജോയിന്റ് വെൻച്വറിന് മുൻകയ്യെടുത്തിട്ടുണ്ട്. കെ.എം.എം.എൽ.ഉം ഐ.ആർ.ഇ.എൽ.ഉം

ചേർന്നുകൊണ്ട് ടൈറ്റാനിയത്തിലേക്ക് വരാനുള്ള സാധ്യതയുണ്ടെങ്കിൽ അതിന് ഈ സ്ഥലമെല്ലാം വിനിയോഗിക്കാമെന്നാണ് കണക്കാക്കുന്നത്.

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി മുചുകുന്നിലുള്ള കെൽട്രോണിന്റെ 60 ഏക്കറോളം വരുന്ന സ്ഥലത്ത് ഇപ്പോൾ കെൽട്രോണിന്റെ ഒരു സ്ഥാപനം മാത്രമേയുള്ളൂ, ബാക്കിയുള്ള സ്ഥലം ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ ഗവൺമെന്റിന്റെ പരിധിയിൽ ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കാൻ സാധിക്കുമോ; അല്ലെങ്കിൽ കെൽട്രോണുമായി ബന്ധപ്പെട്ടുകൊണ്ട് മറ്റേതെങ്കിലും രീതിയിലുള്ള സംരംഭം തുടങ്ങാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്, നമ്മൾ കണ്ട സ്ഥലത്ത് അതുംകൂടിയുണ്ട്. എന്നാൽ ആ പ്രദേശത്ത് ചില പരിമിതികളുണ്ട്. വെള്ളത്തിന്റെ പ്രശ്നമുള്ള സ്ഥലമാണത്. എങ്കിൽപ്പോലും അതിന് മറ്റ് മാർഗങ്ങൾ കണ്ടെത്തി ആ സ്ഥലവും ഉപയോഗിക്കുന്നതാണ്. ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കാമോയെന്ന് ഇപ്പോൾ തീരുമാനിക്കുന്നില്ല, ഏതിനാണോ കഴിയുന്നത് അത്തരത്തിൽ വ്യവസായ

ആവശ്യങ്ങൾക്കുവേണ്ടിതന്നെ ഉപയോഗിക്കണമെന്നാണ് സർക്കാർ കണക്കാക്കുന്നത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ലോജിസ്റ്റിക്സ് മേഖലയ്ക്ക് വലിയ സാധ്യതയുള്ളതിനാൽ ഈ മേഖലയ്ക്ക് സംസ്ഥാന വ്യവസായ നയത്തിൽ പ്രത്യേകമായ ഊന്നൽ നൽകി കൂടുതൽ ഇളവുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിന്റെ സാധ്യത, പരിമിതി എല്ലാം തിരിച്ചറിഞ്ഞുകൊണ്ട് ആവിഷ്ക്കരിച്ചിട്ടുള്ളതാണ് നമ്മുടെ വ്യവസായ നയം. 22 പ്രയോരിറ്റി സെക്ടറുകൾ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ലോജിസ്റ്റിക്സും ഉൾപ്പെടുന്നുണ്ട്. എന്നാൽ ഗ്ലോബൽ ഇൻവെസ്റ്റേഴ്സിനെ വിളിക്കുന്ന ഘട്ടത്തിൽ 22 പ്രയോരിറ്റി സെക്ടറുകളിൽ ക്ലബ് ചെയ്യാവുന്നതിനെ ക്ലബ് ചെയ്ത് മൂന്നോ നാലോ ഏരിയയിൽ മാത്രമാണ് കേന്ദ്രീകരിക്കാനുദ്ദേശിക്കുന്നത്. അല്ലാതെ ഒരുപാട് ഇൻവെസ്റ്റേഴ്സിനെ വിളിക്കുന്ന, എല്ലായിടത്തുനിന്നും ആളുകൾ വരുന്ന, അതൊരു കൊട്ടിഘോഷമാകുന്ന, ഒരു ലക്ഷം കോടി രൂപ, രണ്ട് ലക്ഷം കോടി രൂപ എന്നിങ്ങനെ പ്രഖ്യാപനങ്ങൾ വരുന്ന, എന്നിട്ട് ആ വഴിക്ക് പോകുന്ന

എന്ന രീതി മാറി പ്രവർത്തനങ്ങളുടെ തുടർച്ചയായി മൂന്നോ നാലോ ഏരിയകൾ കേന്ദ്രീകരിച്ച് ആ മേഖലയ്ക്കകത്തുള്ള നിക്ഷേപകരെതന്നെ കൊണ്ടുവരിക എന്നതാണുദ്ദേശിക്കുന്നത്. ഇന്ത്യയിൽ നടക്കുന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെയെല്ലാം കൺവെർഷൻ റേറ്റ് പ്രഖ്യാപനത്തിന്റെ പത്തോ പതിനഞ്ചോ ശതമാനം മാത്രമാണ് യാഥാർഥ്യമാകുന്നത്. എന്നാൽ നമുക്കത് ഒരു അമ്പത് ശതമാനത്തിന് മുകളിലെങ്കിലും കൊണ്ടുവരണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് പ്രവർത്തിക്കുന്നത്. ആ പ്രയോരിറ്റി ഏരിയകളിൽ ലോജിസ്റ്റിക്സ് വരുന്നുണ്ട്. അതുകൊണ്ട് അതെല്ലാം നിക്ഷേപത്തിലേക്ക് ആകർഷിക്കാൻ ശ്രമിക്കാവുന്നതാണ്.

**ആംനസ്റ്റി പദ്ധതി**

(*183) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പ് ആംനസ്റ്റി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി) പ്രസ്തുത പദ്ധതി പ്രകാരം വ്യാപാരികൾക്ക് ഏതെല്ലാം തരത്തിലുള്ള ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

(സി) മുൻ വർഷങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) നികുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് കോടതികളിൽ നിലവിലുള്ളത്; വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ,

(എ) 2024-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് ജി.എസ്.ടി.ക്ക് മുമ്പുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേക്കായി ആംനസ്റ്റി പദ്ധതി 2024 ഓഗസ്റ്റ് 1 മുതൽ നടപ്പാക്കിയിട്ടുണ്ട്. കേരള മൂല്യവർധിത നികുതി നിയമം, കേരള പൊതുവില്പന നികുതി നിയമം, കേരള നികുതിയിന്മേലുള്ള സർചാർജ് നിയമം, കേരള കാർഷിക ആദായ നികുതി നിയമം, കേരള ആഡംബര നികുതി നിയമം, കേന്ദ്ര

വില്പന നികുതി നിയമം എന്നിവ പ്രകാരം 2017-2018 സാമ്പത്തിക വർഷം വരെയുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള അവസരം നൽകിയിട്ടുണ്ട്. കേരള പൊതു വില്പന നികുതി നിയമം, 1963-ന്റെ വകുപ്പ് 5 പ്രകാരം മദ്യവില്പനയുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെട്ട നികുതി, ടേൺഓവർ ടാക്സ് എന്നിവയുടെ കുടിശ്ശിക തീർപ്പാക്കുന്നതിനോ വകുപ്പ് 7 പ്രകാരം മദ്യവില്പനയുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെട്ടിട്ടുള്ള കോംപൗണ്ടിങ് നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനോ ഈ പദ്ധതി ബാധകമായിരിക്കില്ല. കുടിശ്ശിക തീർപ്പാക്കുന്നതിന് ആംനസ്റ്റി പദ്ധതി പ്രകാരം അടയ്ക്കേണ്ട തുക മുൻകൂർ ആയി അടച്ചതിനുശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പദ്ധതിയിൽ ചേരുന്നതിനുള്ള അവസാന തീയതി 2024 ഡിസംബർ 31 ആണ്.

(ബി) 2024-ലെ ആംനസ്റ്റി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും വ്യാപാരികൾക്ക് ലഭിക്കുന്നതിന് പദ്ധതി ആരംഭിച്ച് 60 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ഇതുപ്രകാരം കുടിശ്ശികകളെ നികുതി തുകയുടെ അടിസ്ഥാനത്തിൽ നാല് സ്ലാബുകളായി തിരിച്ചിട്ടുണ്ട്. ഓരോ

സ്ലാബിലും താഴെ പറയുന്ന വിധത്തിൽ നികുതി അടച്ചുതീർക്കുന്നവർക്ക് കുടിശ്ശികകളുടെ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കും.

ഒന്നാമത്തെ സ്ലാബായ അമ്പതിനായിരം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകളെ അവയുടെ പിഴയും പലിശയുമടക്കം പൂർണ്ണമായും ഒഴിവാക്കി. ഇരുപതിനായിരത്തിലധികം ആളുകൾക്ക് ഇതിന്റെ ഗുണം കിട്ടും.

രണ്ടാമത്തെ സ്ലാബായ അമ്പതിനായിരം രൂപ മുതൽ പത്തു ലക്ഷം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾക്ക് നികുതി തുകയുടെ 30% അടച്ചാൽ മതിയാകും. പിഴയും പിഴപ്പലിശയുമൊന്നും ആവശ്യമില്ല.

മൂന്നാമത്തെ സ്ലാബായ പത്തുലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾക്ക് രണ്ടുതരം പദ്ധതികളാണുള്ളത്. ഈ സ്ലാബിൽ, അപ്പീലിലുള്ള (നിയമ വ്യവഹാരത്തിലുള്ള) കുടിശ്ശികകൾക്ക് നികുതി തുകയുടെ 40% ഒടുക്കിയാൽ മതിയാകും. ഈ സ്ലാബിലുള്ള അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾ തീർപ്പാക്കുന്നതിന് നികുതി തുകയുടെ 50% ഒടുക്കിയാൽ മതിയാകും. കാരണം കോടതിയിൽ കൊടുത്തിരിക്കുന്ന ഫീസ് ഉൾപ്പെടെ ചേർത്താണ് 40%, 50% എന്നിങ്ങനെ വ്യത്യാസം വരുന്നത്.

നാലാമത്തെ സ്ലാബായ ഒരു കോടി രൂപയിൽ അധികം നികുതി തുകയുള്ള കുടിശ്ശികകൾക്ക് രണ്ട് തരം പദ്ധതികളാണുള്ളത്. ഈ സ്ലാബിൽ, അപ്പീലിലുള്ള (നിയമ വ്യവഹാരത്തിലുള്ള) കുടിശ്ശികകൾക്ക് നികുതി തുകയുടെ 70% ഒടുക്കിയാൽ മതിയാകും. ഈ സ്ലാബിൽ ഉള്ള അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾ തീർപ്പാക്കുന്നതിന് നികുതി തുകയുടെ 80% അടച്ചാൽ മതിയാകും.

ഈ പൂർണ്ണമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി 2024 സെപ്റ്റംബർ 29-ന് അവസാനിച്ചു. ഓരോഘട്ടം കഴിഞ്ഞ് മുന്നോട്ടുപോയിട്ട് ഇതിൽ ചേർന്ന ആളുകൾക്ക് ചെറിയ ശതമാനം വ്യത്യാസം വരും. അവർക്ക് പൂർണ്ണമായ അളവ് ലഭിക്കില്ല, രണ്ട് ശതമാനം വീതം വർധിക്കും.

ആംനസ്റ്റി പദ്ധതി പ്രകാരം 2024 സെപ്റ്റംബർ 30 മുതൽ ലഭ്യമാകുന്ന പുതുക്കിയ ആനുകൂല്യങ്ങൾ 28-09-2024-ലെ സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ. പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്.

അതിൻപ്രകാരം, അമ്പതിനായിരം രൂപവരെയുള്ള നികുതി കുടിശ്ശികകളെ അവയുടെ പിഴയും പലിശയുമടക്കം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

2024 സെപ്റ്റംബർ 30 മുതൽ 2024 ഒക്ടോബർ 31 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്ക് അമ്പതിനായിരം രൂപയ്ക്ക് മുകളിൽ പത്തു ലക്ഷം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾക്ക് നികുതി തുകയുടെ 32 ശതമാനം ഒടുക്കി തീർപ്പാക്കാവുന്നതാണ്.

പത്തുലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾ താഴെ പറയുന്ന രണ്ട് വിധങ്ങളിൽ തീർപ്പാക്കാവുന്നതാണ്. അപ്പീലിലുള്ള (നിയമ വ്യവഹാരത്തിലുള്ള) കുടിശ്ശികകൾക്ക് നികുതി തുകയുടെ 42 ശതമാനവും അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾക്ക് നികുതി തുകയുടെ 52 ശതമാനവും.

ഒരു കോടി രൂപയിൽ അധികം നികുതി തുകയുള്ള കുടിശ്ശികകൾ താഴെ പറയുന്ന രണ്ട് വിധത്തിൽ തീർപ്പാക്കാവുന്നതാണ്. അപ്പീലിലുള്ള കുടിശ്ശികകൾ (നിയമ വ്യവഹാരത്തിലുള്ള) നികുതി തുകയുടെ 72 ശതമാനവും അപ്പീലിൽ

ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾക്ക് നികുതി തുകയുടെ 82 ശതമാനവും.

ഫിനാൻസ് ആക്റ്റിലെ വകുപ്പ് 9(3) അനുസരിച്ചുള്ള അപേക്ഷയിന്മേൽ മോഡിഫൈഡ് ഉത്തരവുകൾ പുറപ്പെടുവിച്ച് 60 മുതൽ 120 ദിവസത്തിനകം പേയ്മെന്റ് നടത്തുന്നവർക്കും വകുപ്പ് 10(2) അനുസരിച്ച് ഷോർട്ട് നോട്ടീസ് ലഭിച്ച് 60 മുതൽ 120 ദിവസത്തിനകം പേയ്മെന്റ് നടത്തുന്നവർക്കും മേൽ നിരക്കുകൾ ബാധകമാണ്.

2024 നവംബർ 1 മുതൽ 30 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്കും ഷോർട്ട് നോട്ടീസ് ലഭിച്ച് 120 മുതൽ 180 ദിവസത്തിനകം പേയ്മെന്റ് നടത്തുന്നവർക്കും മേൽപറഞ്ഞ നിരക്കുകളിൽ നിന്നും 2 ശതമാനം വർധന ഉണ്ടാകുന്നതാണ്.

കൂടാതെ, 2024 ഡിസംബർ 1 മുതൽ 31 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്കും ഷോർട്ട് നോട്ടീസ് ലഭിച്ച് 180 ദിവസത്തിനുശേഷം പേയ്മെന്റ് നടത്തുന്നവർക്കും മേൽപറഞ്ഞ നിരക്കുകളിൽ വീണ്ടും 2 ശതമാനം വർധന ഉണ്ടാകുന്നതാണ്.

(സി) ആംനസ്റ്റി പദ്ധതി മുൻ വർഷങ്ങളിലും നടപ്പാക്കിയിട്ടുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22 സാമ്പത്തിക വർഷത്തിലും 2022-23 സാമ്പത്തിക വർഷത്തിലും ആംനസ്റ്റി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ മുമ്പ് പ്രഖ്യാപിച്ചിട്ടുള്ള ആംനസ്റ്റി പദ്ധതികളിൽനിന്നും വ്യത്യസ്തമായി കൂടുതൽ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആംനസ്റ്റി പദ്ധതിയാണ് ഇത്തവണ നടപ്പാക്കിയിട്ടുള്ളത്.

അമ്പതിനായിരം രൂപയിൽ താഴെയുള്ള കുടിശ്ശികകളെ പൂർണ്ണമായും ഒഴിവാക്കുന്ന രീതി ഇത്തവണത്തെ ആംനസ്റ്റിയിലുണ്ട്. പഴക്കമേറിയ കുടിശ്ശികകൾ തീർപ്പാക്കുന്നതിന്, പ്രത്യേകിച്ച് ചെറുകിട വ്യാപാരികൾക്ക് ഇത് ഏറെ സഹായകരമാകും എന്ന് കണക്കാക്കുന്നു.

(ഡി) ജി.എസ്.ടി.-ക്ക് മുമ്പുള്ള നികുതി നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകളുമായി ബന്ധപ്പെട്ട് 1081 കേസുകളും ജി.എസ്.ടി.-യിൽ 735 കേസുകളും കോടതികളിൽ നിലവിലുണ്ട്.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, 2019-ലെ ബജറ്റ് മുതൽ ജി.എസ്.ടി. വരുന്നതിന് മുമ്പുള്ള പഴയ നികുതി കുടിശ്ശികകൾക്ക് ആനംസ്റ്റി പ്രഖ്യാപിക്കുന്നത് ഏറെ സഹായകരമാണ്. ഇത്തരം ആംനസ്റ്റി പദ്ധതികളിലൂടെ കുടിശ്ശികകൾ കുറയ്ക്കാൻ സാധിച്ചിട്ടുണ്ടോ; പഴയ കുടിശ്ശികകൾക്ക് ഇക്കൊല്ലവും ആംനസ്റ്റി പ്രഖ്യാപിച്ചതുകൊണ്ട് എന്ത് നേട്ടമാണുണ്ടാകുന്നതെന്ന് വിശദമാക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, പഴയ കുടിശ്ശികകളിൽ നല്ലതുപോലെ കുറവ് വന്നിട്ടുണ്ട്. ഇതിൽ ആകെയുള്ള കേസുകളുടെ പകുതിയോളം ചെറുകിട കച്ചവടക്കാരാണ്. അറുപതുകൾ മുതൽ ജി.എസ്.ടി. വരുന്നതുവരെയുള്ള അമ്പതിനായിരത്തിൽതാഴെയുള്ള കുടിശ്ശികകൾ ഉള്ളവരിൽ പലർക്കും രേഖകളും റിപ്പോർട്ടും ഇല്ലാത്തവരാണ്. അങ്ങനെയുള്ള മുഴുവൻ ആളുകളും അപേക്ഷപോലും കൊടുക്കേണ്ട ആവശ്യമില്ല. അമ്പതിനായിരം രൂപ വരെയുള്ള പ്രിൻസിപ്പൽ തുക പലപ്പോഴും പെരുകിപ്പെരുകി പലിശയും പിഴപ്പലിശയുമായി അഞ്ചോ പത്തോ ലക്ഷമായി മാറിയിരിക്കും. അതിൽ പല ആളുകളും ജീവിച്ചിരിക്കുകപോലുമുണ്ടാകില്ല. അത്തരത്തിൽ 2017 വരെയുള്ള

അമ്പതിനായിരം രൂപയിൽ താഴെയുള്ള മുഴുവൻ ആളുകളുടെയും തുകകൾ ഒഴിവാക്കിയിട്ടുണ്ട്. അത്തരം കുടിശ്ശികയുള്ള നമ്മുടെ കൈവശമുള്ള ഫയലുകളിൽ പകുതിയും തീർപ്പാക്കാൻ സാധിക്കും. അതിന്റെ തുക വലുതല്ല. അതുപോലെ മറ്റ് മേഖലകളിലും നല്ലതുപോലെ അക്കാര്യം ചെയ്യാൻ സാധിക്കും. ഇതുവഴി മുമ്പ് വലിയതോതിൽ കുടിക്കിടന്നിരുന്ന ഇത്തരം കേസുകളും തർക്കങ്ങളും കുറച്ച് വ്യാപാരികൾക്ക് ഗുണകരമായി വരുമെന്നുതന്നെയാണ് ഇപ്പോൾ നാം പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഇരുപതിനായിരത്തോളം കുടിശ്ശികകൾ ഏതാണ്ട് അമ്പതിനായിരം രൂപയ്ക്ക് താഴെയുള്ളവയാണ്. ഇതിൽ കൂടുതലും ചെറുകിട വ്യാപാരികളാണ്. ഇവർക്ക് പ്രത്യേകിച്ച് കുടിശ്ശിക രേഖകളോ വകുപ്പിനെ സമീപിക്കാൻ കഴിയുന്ന അറിവോ ഉണ്ടായിരിക്കില്ല. അവർക്കുവേണ്ടി എന്ത് സൗകര്യമാണ് സർക്കാരിന് ചെയ്യാൻ സാധിക്കുക; ഒപ്പം രണ്ടാം സ്ലാബിൽ ഏതാണ്ട് മുപ്പത് ശതമാനം തുകയാണ് അടയ്ക്കേണ്ടത്. എന്നാൽ പല വ്യാപാരികളും അപ്പീൽ ഫയൽ ചെയ്യാൻ ഇരുപത് ശതമാനം തുക

കെട്ടിവച്ചിട്ടുണ്ടാകും. ഈ ഇരുപത് ശതമാനം തുകയുടെ ആനുകൂല്യം ആംനസ്റ്റി പദ്ധതിയിൽ നൽകുമോ എന്നുകൂടി വിശദമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ നേരത്തെ പറഞ്ഞു, അമ്പതിനായിരം രൂപയ്ക്ക് താഴെയുള്ള ആളുകൾ അപേക്ഷ സമർപ്പിക്കണമെന്നുപറഞ്ഞാൽ ചെറുകിട വ്യാപാരികളായ അവരുടെ കൈവശം രേഖയും മറ്റ് കാര്യങ്ങളുമില്ലാത്തതിനാൽ അവർ വളരെ ബുദ്ധിമുട്ടുന്നതാണ്. തുക വളരെ ചെറുതുമായിരിക്കും. പക്ഷെ അവർക്ക് രേഖകളില്ലാത്തതിനാൽ വകുപ്പിനെ സമീപിക്കാൻ കഴിയില്ല. ടാക്സ് പ്രാക്ടീഷനേഴ്സിനെ വയ്ക്കാൻ പറ്റുന്നവരുമല്ല അവർ. അതുകൊണ്ട് അമ്പതിനായിരത്തിൽ താഴെയുള്ള പെൻഡിംഗായിട്ടുള്ള മുഴുവൻ ഫയലുകളും ഉദ്യോഗസ്ഥന്മാർ തീർപ്പാക്കി അത് മുഴുവൻ എഴുതിത്തള്ളും. എന്നുമാത്രമല്ല ആംനസ്റ്റി നടപ്പാക്കി എന്നുള്ള സർട്ടിഫിക്കറ്റ് അവർക്ക് നൽകും. മറ്റൊരു രേഖയും അതിനായി ഹാജരാക്കേണ്ടതില്ല എന്നുള്ളത് ഇതുവരെ കേരളത്തിലുണ്ടായ ആംനസ്റ്റിയുടെ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഏടാണ്. അത്രയേറെ ആളുകൾക്കാണ് അത് സഹായകരമാകുന്നത്.

അടുത്തതായി ബഹുമാനപ്പെട്ട അംഗം ചോദിച്ച വിഷയത്തിൽ, മുപ്പത് ശതമാനം അടയ്ക്കേണ്ട ഒരാൾ ഇരുപത് ശതമാനം കോടതി വ്യവഹാരത്തിനായി അടച്ചിട്ടുണ്ടെങ്കിൽ ആ ഇരുപത് ശതമാനം ഒഴിവാക്കി ബാക്കി പത്ത് ശതമാനം അടച്ചാൽ മതിയാകും. എന്നാൽ കോടതിയിൽ കേസ് കൊടുക്കാത്ത ആളുകൾ അല്ലെങ്കിൽ ഇരുപത് ശതമാനം അടയ്ക്കാത്ത ആളുകൾ എന്നിവർക്ക് ആകെയുള്ള മുപ്പത് ശതമാനം പണവും അടയ്ക്കണം. ഒരുപക്ഷെ മുപ്പത് ശതമാനമെന്നുപറയുമ്പോൾ വലിയ തോതിലാണ് പലിശയും പിഴപ്പലിശയുമുൾപ്പെടെ പെനാൽറ്റിയുള്ളത്. അതൊക്കെ പോകുമ്പോൾ ചെറിയൊരു തുകയായി ചുരുങ്ങുന്നതാണ്.

<u>ശ്രീ. എം. നൗഷാദ്</u>: സർ, പുതിയ ആംനസ്റ്റി സ്കീമിൽ നാളിതുവരെ എത്ര വ്യാപാരികളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; അതുവഴി എത്ര രൂപയാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്? അതോടൊപ്പം കാലാവധിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച ആഗസ്റ്റ് 1 മുതൽ 60 ദിവസം എന്നും 2024 ഡിസംബർ 31 വരെ എന്നുമുണ്ട്. അത് ഏകീകരിച്ച് എല്ലാവർക്കും ഡിസംബർ 31 വരെ കാലാവധി നീട്ടിനൽകാൻ കഴിയുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ആംനസ്റ്റിയുടെ ഭാഗമായി ഇതുവരെ ബെനിഫിറ്റ് കിട്ടിയിട്ടുള്ള ഒന്നാമത്തെ വിഭാഗം 50,000 രൂപയ്ക്ക് താഴെയുള്ളവരാണ്. അവർ 22969 പേരുണ്ട്. അത്രയും ആളുകൾക്ക് മുഴുവനും ആംനസ്റ്റിയുടെ ബെനിഫിറ്റ് കിട്ടിക്കഴിഞ്ഞു. അവർക്ക് ഈ ഡിസംബർ മാസമാകുമ്പോൾ സർട്ടിഫിക്കറ്റ് കിട്ടും. അത് ആകെയുള്ള കേസ്സുകളിൽ പകുതിയിലധികമുണ്ട്. അപേക്ഷ സ്വീകരിച്ചുതുടങ്ങിയപ്പോൾ 3605 പേരാണ് അതിന് മുകളിലുള്ള കാറ്റഗറിയിൽനിന്ന് വന്നത്. അവർക്ക് ഡിസംബർ വരെ അപേക്ഷ സമർപ്പിക്കാം. ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ച ഒരു കാര്യമുണ്ട്, അതനുസരിച്ച് അവർക്ക് ഒരുമിച്ച് ഈ സമയം വരെ അപേക്ഷ കൊടുക്കാം. പക്ഷെ ആദ്യഘട്ടം അപേക്ഷ സമർപ്പിച്ചവർക്ക് നികുതി തുകയുടെ 30 ശതമാനമാണ് അടയ്ക്കേണ്ടതെങ്കിൽ ഒരുഘട്ടം കഴിയുമ്പോൾ അത് 32 ശതമാനമാകും. അങ്ങനെ താമസിച്ച് അടയ്ക്കുന്നവർക്ക് ചെറിയ വർദ്ധനവ് വരും. എല്ലാവർക്കും മേല്പറഞ്ഞ തീയതി വരെ അടയ്ക്കാൻ കഴിയും. നേരത്തെയുള്ളതിനേക്കാൾ കൂടുതൽ തുക അടച്ചിട്ടുണ്ടെന്നുള്ളതാണ് പൊതു ട്രെൻഡുള്ളത്. ഇപ്പോഴത്തെ പ്രവണതയനുസരിച്ച് ആളുകൾ അടച്ചുതീർക്കാൻ

ശ്രമിക്കുന്നുണ്ട്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഭക്ഷ്യവസ്തുക്കളുടെ നികുതി നിരക്ക് പുന:ക്രമീകരിക്കണമെന്ന കേരളത്തിന്റെ ആവശ്യം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചതായി അറിയാൻ കഴിഞ്ഞു. അതിന്റെയടിസ്ഥാനത്തിൽ നമ്മൾവച്ച നിർദേശം പരിഗണിക്കപ്പെട്ടിട്ടുണ്ടോ എന്നതാണ് ഒരു കാര്യം. ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കേരളത്തിലെ ആളുകൾ വിവിധ സംസ്ഥാനങ്ങളിൽ പോയി ഗ്രാനൈറ്റ്, ഇലക്ട്രിക് ഗുഡ്സ് പോലുള്ള സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് വരുന്ന ജി.എസ്.ടി.-യിൽ കേരളത്തിന് അർഹതപ്പെട്ട ജി.എസ്.ടി. ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നേരിട്ട് ആംനസ്റ്റിയുമായി ബന്ധപ്പെട്ടതല്ലെങ്കിലും പൊതുതാൽപര്യമുള്ള വിഷയമായതുകൊണ്ട് ഞാൻ പറയാം. ഭക്ഷ്യവസ്തുക്കളുടെ നികുതി സംബന്ധിച്ച് ഫൈനൽ തീരുമാനം വന്നിട്ടില്ല. ഭക്ഷ്യവസ്തുക്കളുടെ ടാക്സ് ആദ്യംതന്നെ വർദ്ധിപ്പിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങളെടുക്കരുത്. അവശ്യവസ്തുക്കളുടെ കാര്യത്തിൽ അങ്ങനെയൊരു

സ്റ്റാൻഡ് തന്നെയാണ് കേരളമെടുത്തിനുള്ളത്. അതിന്റെ ചർച്ചകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ സമീപനത്തിൽതന്നെയാണ് നമ്മൾ ഉറച്ചുനിൽക്കുന്നത്. ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം വർദ്ധിപ്പിക്കുന്ന തരത്തിലേക്ക് കാര്യങ്ങൾ പോകരുത്. ഇന്നത്തെ പ്രധാന റിപ്പോർട്ടുതന്നെ ഇന്ത്യയിലാകെ വിലക്കയറ്റം; ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിക്കുന്നുവെന്നതാണ്. അത് വർദ്ധിപ്പിക്കാൻ പാടില്ലെന്നതുതന്നെയാണ് നമ്മുടെയും സ്റ്റാൻഡ്. രണ്ടാമത്തെ കാര്യം, അന്യസംസ്ഥാനങ്ങളിൽനിന്ന് വാങ്ങുന്ന വളരെ വിലയേറിയ സാധനങ്ങൾക്കുപോലും പലപ്പോഴും നികുതി കൃത്യമായി അടയ്ക്കുന്നില്ലെന്നൊരു പ്രശ്നമുണ്ട്. അത് പരിഹരിക്കാൻ പലതരത്തിലുള്ള കാര്യങ്ങൾ നമ്മൾ നടത്തുന്നുണ്ട്. ഇ-വേ ബിൽ കർശനമാക്കുകയും ഐ.ജി.എസ്.ടി.-യുടെ കാര്യം സുതാര്യമാക്കുകയും ചെയ്യുക എന്ന സമീപനം കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിലും വളരെ ശക്തമായെടുത്തിട്ടുണ്ട്. ഐ.ജി.എസ്.ടി. കണക്കുകളുടെ കാര്യത്തിൽ പോരായ്മയുണ്ടെന്ന് കേരളം പറഞ്ഞത് കേന്ദ്ര ജി.എസ്.ടി. കൗൺസിലും കേന്ദ്ര ധനകാര്യ മന്ത്രാലയവും മനസ്സിലാക്കിയിട്ടുണ്ടെന്നുള്ളതാണ് വസ്തുത. കാരണം

ജി.എസ്.ടി. പൂൾ അക്കൗണ്ടിൽ വരുന്ന പണം സംസ്ഥാനങ്ങൾക്ക് അർഹമായ തരത്തിൽ കൃത്യമായി കിട്ടുന്നില്ലെന്നുള്ളതിന്റെ കണക്കുകൾ ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. അത് പൊതുവിൽ പരിശോധിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആ പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ പറ്റിയിട്ടില്ല. നമ്മുടെ ന്യായം, നമ്മുടെ ആവശ്യം നിരന്തരമായി ഉന്നയിക്കുന്നുണ്ട്. അതിന്റെ പഠനങ്ങൾ നടക്കുകയും ചെയ്യുന്നുണ്ട്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കുടിശ്ശിക നിവാരണ പദ്ധതിയായ സംസ്ഥാന ജി.എസ്.ടി. ആംനസ്റ്റി പദ്ധതി വലിയ നിലയിൽ വരുമാനവർദ്ധനവിനും പ്രയാസങ്ങൾ പരിഹരിക്കുന്നതിനും വഴിയൊരുക്കുന്നുണ്ടെന്നതാണ് അനുഭവം. ഞാൻ ചോദിക്കുന്നത്, ജപ്തി നടപടികൾ നേരിടുന്ന വ്യാപാരികളെയും സ്ഥലം bought-in-land ആയി ഏറ്റെടുക്കപ്പെട്ട വ്യാപാരികളെയുംകൂടി ആംനസ്റ്റിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ബാറുകാരുൾപ്പെടെയുള്ള കെ.ജി.എസ്.ടി. ഡീലർമാർക്ക് ആംനസ്റ്റി കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പൊതുവേ വ്യാപാരികൾക്ക് ആംനസ്റ്റിവഴി പരമാവധി സഹായം കിട്ടുമെന്ന് മാത്രമല്ല ഞാൻ നേരത്തെ പറഞ്ഞ അനാവശ്യമായി കേസ് വിവാദത്തിൽക്കിടന്ന ഇരുപത്തിരണ്ടായിരത്തോളം ആളുകളുൾപ്പെടെ, അതിൽ ചില കേസിൽ അറ്റാച്ച്മെന്റ് വരെ പോകുന്ന സ്ഥിതി നേരത്തെ വന്നിട്ടുണ്ട്. വളരെ പഴക്കമുള്ള കേസുകളാണ്. പൊതുവിൽ ബാർ മേഖലകളെ ഇക്കാര്യത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്പോൾ വന്നിട്ടുള്ള ആംനസ്റ്റിയിൽ മദ്യരംഗത്തുള്ള കാര്യങ്ങൾ വന്നിട്ടില്ല.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് ആംനസ്റ്റി ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുമ്പോഴും സർക്കാരിന് നൽകേണ്ട നികുതി നൽകാതെ നികുതി വെട്ടിപ്പ് നടത്തുന്ന വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ് ഇന്ധനക്കടത്ത്. മാഹിയിൽനിന്നും കർണ്ണാടകയിൽനിന്നും വ്യാപകമായ തോതിൽ ഇന്ധനം കടത്തുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തടയുന്നതിനാവശ്യമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വളരെ ഗൗരവമായി കേരളത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഇന്ധനം ബൾക്കായി വാങ്ങിവരുമ്പോൾ അതിന് ടാക്സ് കുറച്ചുകിട്ടുന്നു. ക്യാപ്റ്റീവായി യൂസ് ചെയ്യുന്നവർക്കുവേണ്ടി പ്രത്യേക പ്രൊവിഷനുണ്ട്. അത് ഉപയോഗിച്ചുകൊണ്ട് കടൽമാർഗവും കരമാർഗവും നമ്മുടെ തൊട്ടടുത്ത സംസ്ഥാനങ്ങളിൽനിന്ന് പ്രത്യേകിച്ച് കർണ്ണാടക ബോർഡർ, മാഹി എന്നീ ടാക്സ് കുറഞ്ഞ സ്ഥലങ്ങളിൽനിന്ന് ഇന്ധനം വാങ്ങിവരുന്നു. സാധാരണ നികുതി മാത്രമല്ല, ക്യാപ്റ്റീവ് യൂസേജിനുള്ള ആളുകൾക്ക് ടാക്സിന്റെ കാര്യത്തിൽ വ്യത്യാസമുണ്ട്. കർണ്ണാടകത്തിലും അടുത്ത കാലത്തായി നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ വലിയ നികുതി വ്യത്യാസത്തിന്റെ പ്രശ്നമില്ല. ഇങ്ങനെ വരുമ്പോൾ വലിയതോതിൽ വരുമാന ചോർച്ചയുണ്ടാകുന്നുണ്ട്. ഇടക്കാലത്ത് എറണാകുളത്തും ആലപ്പുഴയിലും നിരവധി കേസുകൾ പിടിച്ചിരുന്നു. എല്ലാ ജില്ലകളിലും ഇത്തരം കേസുകൾ പിടിച്ചിട്ടുണ്ട്. ഇപ്പോൾ വീണ്ടും അതിന് ശ്രമിക്കുന്നുണ്ടെന്ന വിവരങ്ങളുണ്ട്. അതികർശനമായ നിലപാടാണ് സർക്കാരിനുള്ളതെന്നുമാത്രമല്ല ഇവർ കൊണ്ടുവന്ന ക്യാപ്റ്റീവ്

യൂസിനുള്ളത് മറ്റ് സ്ഥലങ്ങളിലേയ്ക്ക് ചില്ലറയായി വിൽക്കുകയാണ്. ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇതിൽ വളരെ കർശനമായ നിലപാടുണ്ടാകും. അതിന്റെ ഫൈനും പെനാൽറ്റിയും വലിയതോതിൽ അടയ്ക്കേണ്ടിവരും. സംസ്ഥാന വിരുദ്ധമായ കൊള്ളയാണ് ഇത്തരം ആളുകൾ നടത്തുന്നതെന്ന് ഈ വേദിയിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ മാത്രമല്ല നാട്ടിലും അത്തരം ആളുകളെ ആർക്കെങ്കിലും അറിയാമെങ്കിൽ അവരോട് പറയണം, ഇങ്ങനെ സംസ്ഥാനത്തെ തുരങ്കംവച്ച് കൊള്ളയടിക്കുന്ന ആളുകൾ നികുതി നിഷേധവും വെട്ടിപ്പും മാത്രമല്ല നടത്തുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക താൽപര്യത്തെക്കൂടി ബാധിക്കുന്ന നിലപാടാണെടുത്തുകൊണ്ടിരിക്കുന്നത്. അതിനെതിരെ ശക്തമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

## ധനകാര്യ കമ്മീഷൻ ഗ്രാന്റ്

(*184)ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കാലയളവിൽ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വിഹിതം എത്ര ശതമാനമായിരുന്നു; നിലവിൽ എത്രയാണ്; അറിയിക്കുമോ;

(ബി) ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിൽ വരുത്തിയിട്ടുള്ള കുറവ് സംബന്ധിച്ച് ഏതെങ്കിലും ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(സി) ഗ്രാന്റ് വിഹിതം അനുവദിക്കുന്നതിനായി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; സംസ്ഥാനത്തിന് വിഹിതം കുറവ് വരുത്തുന്നതിനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കാലയളവിൽനിന്നും വ്യത്യസ്തമായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ വർദ്ധിച്ച തോതിൽ ഗ്രാന്റ് വിഹിതം ലഭ്യമായ സംസ്ഥാനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കാലയളവിൽ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വിഹിതം 4.54 ശതമാനമായിരുന്നു. 2021-26 സാമ്പത്തിക വർഷത്തേക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ ഇത് 2.68 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

(ബി) ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിൽ വരുത്തിയിട്ടുള്ള കുറവ് സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഏജൻസികളെയൊന്നും സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ ആയത് സംബന്ധിച്ച വിവിധ ലേഖന പരമ്പരകളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ആയതിൽ സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന Gulati Institute of Finance and Taxation (GIFT)-ന്റെ ത്രൈമാസ പ്രസിദ്ധീകരണമായ Kerala Economy-

യുടെ 2024 ജൂലൈ-സെപ്റ്റംബർ പതിപ്പിൽ ധനകാര്യ കമ്മീഷൻ മുഖേനയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റ് വിഹിതത്തിൽ വന്നിട്ടുള്ള കുറവ് സംബന്ധിച്ച് പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ട് ശ്രദ്ധേയമായ ഒന്നാണ്. ഇത് GIFT-ന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. (https://www.gift.res.in/kerala-economy-journal-issues/).

(സി) തദ്ദേശ സർക്കാരുകൾക്കുള്ള ഗ്രാന്റുകൾ നിശ്ചയിക്കുന്നതിന് പതിനാലും പതിനഞ്ചും ധനകാര്യ കമ്മീഷനുകൾ പരിഗണിച്ചത് ജനസംഖ്യ (2011-ലെ സെൻസസ്), ഭൂമിശാസ്ത്ര വിസ്തീർണ്ണം എന്നിവ അടങ്ങിയിട്ടുള്ള രണ്ട് മാനദണ്ഡങ്ങളായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രകാരം സംസ്ഥാനത്തിന്റെ ഷെയർ 2.68 ആണ്. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ജനസംഖ്യ (1971-ലെ സെൻസസ്), ഭൂമിശാസ്ത്ര വിസ്തീർണ്ണം, ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനത്തിൽ നിന്നുള്ള ദൂരം, ഇൻഡെക്സ് ഓഫ് ഡിപ്രിവേഷൻ, റവന്യൂ പ്രയത്നം എന്നീ അഞ്ച് മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് വിഹിതം നിശ്ചയിച്ചത്. ആയതുപ്രകാരം കേരളത്തിന്റെ വിഹിതം 4.54

ശതമാനമായിരുന്നു. ഇത്തരത്തിൽ മാനദണ്ഡങ്ങളിലുണ്ടായ മാറ്റമാണ് ഷെയർ കുറഞ്ഞതിനുള്ള കാരണം.

(ഡി) പന്ത്രണ്ടാം ധനകാര്യ കമ്മീഷനുമായി താരതമ്യം ചെയ്യുമ്പോൾ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ തദ്ദേശ ഗ്രാന്റിനത്തിലുള്ള വിഹിതത്തിൽ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത് കേരളത്തിനായിരുന്നു. ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമ ബംഗാൾ, രാജസ്ഥാൻ തുടങ്ങി ഇരുപതോളം സംസ്ഥാനങ്ങൾക്ക് വിഹിതത്തിൽ വർദ്ധനവാണുണ്ടായിട്ടുള്ളത്.

മി. സ്പീക്കർ: ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ നോട്ട് ഇൻ ദ സീറ്റ്.

ശ്രീ. എച്ച്. സലാം ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. യു. ജനീഷ് കുമാർ): സർ, പതിമൂന്ന്, പതിനാല്, പതിനഞ്ച് ധനകാര്യ കമ്മീഷനുകളിൽനിന്നും സംസ്ഥാനത്തെ ലോക്കൽ ബോഡികൾക്ക് ലഭിച്ച ഗ്രാന്റ് വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഗ്രാന്റ് വിഹിതവുമായി ബന്ധപ്പെട്ട് നാല് കമ്മീഷനുകളുടെ കണക്കുണ്ട്. രണ്ട് ഗ്രാന്റുണ്ടെന്ന കാര്യം സഭയിലെ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങൾക്കും അറിയാവുന്നതാണ്. സംസ്ഥാനത്തിന്

ഡിവിസിബിൾ പൂളിൽനിന്നും കിട്ടുന്ന തുകയാണ് നേരത്തെ 1.92 എന്ന് പറഞ്ഞതെങ്കിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന തുകയുണ്ട്. ആ തുകയിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്നതിൽ വന്ന കുറവിനെ സംബന്ധിച്ചായിരുന്നു ചോദ്യവും ഉപചോദ്യവും. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ സമയത്ത് 4.54% ആയിരുന്നു സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്നത്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സമയമായപ്പോൾ അത് 3.11% ആയി. പതിനാലാം ധനകാര്യ കമ്മീഷന്റെ സമയത്ത് 2.67%-ഉം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ വിഹിതം 2.68% ആയും കുറഞ്ഞിട്ടുണ്ട്.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, കേന്ദ്രം കേരളത്തോട് കാണിക്കുന്ന അതിശക്തമായ രൂപത്തിലേയ്ക്കുള്ള കടന്നാക്രമണത്തിനെതിരായി പല പ്രക്ഷോഭങ്ങളും നടന്നതായി നമുക്കറിയാം. അതിന് ഗവൺമെന്റുതന്നെ നേതൃത്വം നൽകിയതാണ്. സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റെടുക്കുന്ന നടപടികളെ ഞാൻ അഭിനന്ദിക്കുന്നു. ഗ്രാന്റ് വിഹിതം അനുവദിക്കുന്നതിൽ കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമായി ജനങ്ങളെ പഠിപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ വിഹിതം

കുറവുവരുത്തുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് നമുക്ക് ബോധ്യപ്പെടുത്തേണ്ടതുണ്ട്. അതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അതിനുവേണ്ടിയിട്ടുള്ള വിപുലമായ പരിപാടി വകുപ്പ് തയ്യാറാക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. യഥാർത്ഥത്തിൽ മികവ് കാണിച്ചതിന്റെ പേരിൽ ശിക്ഷിക്കപ്പെടുകയാണ് കേരളം. നന്നായി പഠിക്കുന്ന കുട്ടികൾക്ക് മാർക്കും ജോലിയും നൽകില്ലെന്ന് പറഞ്ഞാൽ നമ്മുടെ നാട്ടിൽ അതിനെ അങ്ങേയറ്റം തെറ്റായ ഒരു കാര്യമായി വിവക്ഷിക്കപ്പെടും. അതാണ് പൊതുവിലുള്ള മാനദണ്ഡങ്ങളെ സംബന്ധിച്ച വിലയിരുത്തൽ. നന്നായി പഠിച്ചതിന്റെ പേരിൽ അതിന് കൂടുതൽ പരിഗണന നൽകണം. കേരളം ഏറ്റവും നന്നായി ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ മുന്നിൽ വരുന്ന തരത്തിലേയ്ക്കുള്ള പ്രവർത്തനം നടത്തിയിട്ടുണ്ട്. സാമൂഹ്യക്ഷേമ രംഗത്തായാലും അടിസ്ഥാന സൗകര്യവികസനത്തിന്റെ കാര്യത്തിലായാലും വികസനത്തിന്റെ എല്ലാ ഇൻഡക്സിലും കേരളം വളരെ മുന്നിൽ വന്നതുകൊണ്ട്, നിങ്ങൾ വളരെ മുന്നിലാണെന്നും അതുകൊണ്ട് നിങ്ങൾ കുറച്ചൊന്ന് നിൽക്കണമെന്നും പുറകിൽ നിൽക്കുന്ന

ആളുകൾക്ക് കുറച്ചുകൂടി പരിഗണന നൽകണമെന്നമാണ് പൊതുവായുള്ള മാനദണ്ഡങ്ങളുടെ പ്രശ്നം. ഇക്കാര്യത്തിനകത്താണ് നമുക്ക് നാല് ശതമാനം അല്ലെങ്കിൽ മൂന്നേമുക്കാൽ ശതമാനമുണ്ടായിരുന്ന വിഹിതത്തിൽനിന്നും ഇപ്പോൾ 1.92%-മായി ജനറൽ ഡിവിസിബിൾ പൂളിൽനിന്നും വന്നിട്ടുള്ളത്. അതുപോലെ നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡിവിസിബിൾ പൂളിൽനിന്നും വന്നിട്ടുള്ളത് വളരെ വ്യക്തമാണ്. നാലര ശതമാനം ലഭിക്കുന്നതിൽ നിന്നുമാണ് 2.68 പഞ്ചായത്തുകളുടെ വിഹിതം വന്നത്. ഇത് ഒറ്റയ്ക്ക് സംസ്ഥാനത്തിന് പരിഹരിക്കാൻ സാധിക്കുന്നതല്ല. ജനങ്ങളെല്ലാവരുംകൂടി നിന്നാൽപോലും കേന്ദ്രത്തിന്റെ ഈ നയമാണ് പ്രശ്നം. ഇതുസംബന്ധിച്ച് വളരെയേറെ കാര്യങ്ങൾ സർക്കാർ ചെയ്യുന്നുണ്ട്. ഈ നിയമസഭതന്നെ അതുസംബന്ധിച്ച പ്രമേയം പാസാക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുനിന്നും എം.എൽ.എ.-മാരും മന്ത്രിമാരും ഡൽഹിയിൽ പോയി സമരം നടത്തുകയുണ്ടായി. ഇന്ത്യയിലെ പ്രമുഖരായ രാഷ്ട്രീയ നേതാക്കൻമാരും ആ സമരത്തിൽ പങ്കെടുത്തു. ഏറ്റവും ഒടുവിലായി, ഒരുമാസം മുമ്പ് സംസ്ഥാനത്ത് ഇന്ത്യയിലെ അഞ്ച് സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ പങ്കെടുക്കുന്ന ഒരു കോൺക്ലേവ്

നടത്തി; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ആ പരിപാടിയിൽ പങ്കെടുത്തുവെന്നകാര്യം സന്തോഷത്തോടെ അറിയിക്കുകയാണ്. കേരളത്തോട് കാണിക്കുന്ന ഈ സമീപനം, കേരളത്തോട് മാത്രമല്ല; ഇന്ത്യൻ ഫെഡറൽ വ്യവസ്ഥയോട് കാണിക്കുന്ന ഈ സമീപനത്തിനും രാജ്യത്തെ ഒറ്റക്കെട്ടായി നിർത്തുന്നതിനുള്ള താൽപര്യമില്ലായ്മ കാണിക്കുന്ന കേന്ദ്രനിലപാടിനുമെതിരെ ശക്തമായ ക്യാമ്പയിൻ നടക്കുന്നുണ്ട്. എന്നാലത് വേണ്ടത്ര ആയിട്ടില്ല. കാരണം പലപ്പോഴും നമ്മൾ രാഷ്ട്രീയാടിസ്ഥാനത്തിൽ വസ്തുതകളെ കാണാതെ, കാട് കാണാതെ മരം കാണുന്നുവെന്ന നിലയിലേയ്ക്ക് പ്രശ്നങ്ങളെടുക്കുന്നുണ്ട്. അതുകൊണ്ട് രാജ്യത്തിന്റെ താൽപര്യം ഉയർത്തിപിടിക്കുന്നതിനുള്ള പ്രവർത്തനം കുറച്ചുകൂടി നടത്തേണ്ടതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സാമ്പത്തിക വളർച്ച വർധിപ്പിക്കുന്നതിനും വരുമാനവിടവ് നികത്തുന്നതിനുമാണ് വായ്പയെടുക്കുന്നത് എന്നാണ് കേന്ദ്രം എപ്പോഴും പറയുന്നത്. ഈ വാദത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അവകാശമുണ്ടോ; അതോടൊപ്പം ലോട്ടറി വില്പനയിലൂടെ ലഭിക്കുന്ന എല്ലാ ലാഭവും സംസ്ഥാന സർക്കാരിനുമാത്രമാണോ ഇന്ന് ലഭിക്കുന്നത്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, സംസ്ഥാനത്തിന് വായ്പയെടുക്കാൻ, ആഭ്യന്തരമായുള്ള ചെറിയ വായ്പയെടുക്കാൻപോലും കേന്ദ്രത്തിന്റെ പൊതുവായ പരിഗണനയിലും കണക്കിലും ഉൾപ്പെടണം. പൊതുവിൽ, കേന്ദ്രം നൽകിയിരിക്കുന്ന മാനദണ്ഡത്തിനകത്ത് വരണം. ജി.ഡി.പി.-യുടെ മൂന്ന് ശതമാനമെടുക്കാനാണ് സംസ്ഥാനത്തിന് അനുവാദമുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തെ വളരെ ഞെരുക്കുന്നുണ്ട്. എന്നുമാത്രമല്ല, നേരത്തെയെടുത്ത കടംപോലും മുൻകാല പ്രാബല്യത്തോടുകൂടി ഈ വർഷം ലഭിക്കുന്നതിൽനിന്നും വെട്ടിക്കുറയ്ക്കുകയാണ് ചെയ്യുന്നത്. മൂന്ന് ശതമാനമാണ് കേന്ദ്രത്തിന്റെ പരിധിയെങ്കിലും അവർ ആറ് ശതമാനത്തോളം എടുക്കുന്നുണ്ടെന്നതാണ് ഇതിലെ വിരോധാഭാസം. ആശാന് തെറ്റുപറ്റാം, ശിഷ്യന്മാർക്ക് തെറ്റുപറ്റാൻ പാടില്ലെന്ന് പറയുന്ന തരത്തിലാണ്; ആശാന് സംഭവിക്കുന്ന തെറ്റൊന്നും തെറ്റല്ലെന്ന് പറയുന്ന തരത്തിലൊരു കേന്ദ്ര നയം അതിലുണ്ട്. ഇതൊരു പൊതുസമീപനമാണ്. അതുകൊണ്ട്, സംസ്ഥാനത്തിന് എന്തെങ്കിലുമൊരു കടം എടുക്കണമെങ്കിൽ കേന്ദ്രത്തിന്റെ അനുവാദം വേണം.

ലോട്ടറിപോലെയുള്ള കാര്യങ്ങളിൽ നിന്നും സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന ലാഭം വളരെ ചെറിയ ശതമാനംമാത്രമേയുള്ളൂ. അതായത് ശരാശരി മൂന്ന്

ശതമാനത്തിന് താഴെ മാത്രമേയുള്ളു. നിലവിൽ, കേരളത്തിലെ ലോട്ടറി നറുക്കെടുപ്പിൽ ഒന്നാം സമ്മാനം വയനാട് ആണെന്നുപറഞ്ഞപ്പോൾ ദുരന്തബാധിത പ്രദേശത്തായിരിക്കും ലഭിച്ചതെന്നാണ് വിചാരിച്ചത്. പക്ഷെ, വയനാട് ജില്ലയിൽ സ്ഥിരമായി വരുന്ന കർണ്ണാടക സ്വദേശിക്കാണ് അത് ലഭിച്ചത്. ലോട്ടറിയെടുക്കുന്ന ആളുകൾക്ക് മാത്രമല്ല, ഏറ്റവും പ്രധാനമായി ഒരു ലക്ഷത്തോളം ആളുകൾക്ക് തൊഴിൽ നൽകുന്ന ഏജന്റുമാരെ സംരക്ഷിക്കുന്നതാണ് ലോട്ടറി പദ്ധതി. രണ്ടാമതായി, നല്ലൊരു ഭാഗം തുകയും സമ്മാനമായാണ് പോകുന്നത്. മൂന്ന് ശതമാനത്തിൽ താഴെ മാത്രമാണ് സംസ്ഥാന സർക്കാരിന് ലഭിക്കുന്നത്. എന്നാൽ നികുതി അതിലുൾപ്പെടുന്നുണ്ട്, ആ നികുതിയുടെ നേരെ പകുതി കേന്ദ്ര ഗവൺമെന്റിനാണ് ലഭിക്കുന്നത്. ആകെ പിരിക്കുന്നതിന്റെ പകുതി തുക കേന്ദ്ര ഗവൺമെന്റിനാണ് ലഭിക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ ടാക്സ് പേയർമാരിൽ ഒന്ന് കേരള സംസ്ഥാന ലോട്ടറിയാണ്. അതിന്റെ നേരെ പകുതി കേന്ദ്ര ഗവൺമെന്റിനാണ് ലഭിക്കുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, കേന്ദ്രത്തിന്റെ സാമ്പത്തിക വിവേചനത്തിനെതിരെ അടുത്തകാലത്ത് കേരളം ഐതിഹാസികമായൊരു സമരം നടത്തിയിരുന്നത് ദേശീയ ശ്രദ്ധയാകർഷിച്ചിരുന്നു. അങ്ങയുടെ ഉത്തരത്തിൽത്തന്നെ പതിനാറാം ധനകാര്യ കമ്മീഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രാജ്യത്ത് ആലോചനകൾ നടക്കുമ്പോൾ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ നിരവധി വിവാദങ്ങളുണ്ടായിരുന്നുവെന്ന് സൂചിപ്പിച്ചിരുന്നു. 1971-ലെ ജനസംഖ്യാ കണക്കാണ് പരിഗണനയിലെടുത്തിരുന്നതെന്നത് അതിലേറ്റവും പ്രധാനപ്പെട്ടത്. പതിനാറാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾക്ക് വലിയ മാറ്റങ്ങളുണ്ടോ; പോപ്പുലേഷനടക്കം പഴയ രൂപത്തിൽത്തന്നെയാണോ എടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പതിനാറാം ധനകാര്യ കമ്മീഷന്റെ ചർച്ച നടക്കുന്നതേയുള്ളൂ. അതിന് ധനകാര്യ കമ്മീഷൻ കേരളം സന്ദർശിക്കുന്നതിന്റെ തീയതിയാകുന്നതെയുള്ളൂ. മറ്റുപല സംസ്ഥാനങ്ങളും സന്ദർശിച്ച് കഴിഞ്ഞു. അതിനെടുക്കേണ്ട മാനദണ്ഡങ്ങളെ സംബന്ധിച്ചാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരുൾപ്പെടെയുള്ളവർ പല

സംസ്ഥാനങ്ങളും വ്യത്യസ്തമായി നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പറഞ്ഞു. അതിന്റെ ഭാഗമായി കേന്ദ്രം മാനദണ്ഡങ്ങൾ പഴയതുപോലെ മുന്നോട്ടുകൊണ്ടുപോകാൻ പാടില്ല. ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതയുൾപ്പെടെ ചേർത്ത് മാനദണ്ഡങ്ങൾ രൂപീകരിക്കണമെന്നാണ് സർക്കാർ സമീപനം. അങ്ങനെ മാനദണ്ഡം നിശ്ചയിച്ചില്ലെങ്കിൽ വലിയ പ്രശ്നമാകും. പ്രത്യേകിച്ച് ജനസംഖ്യയുടെ കാര്യത്തിൽ 1971 ആയിരുന്നു മുമ്പ് കണക്കാക്കിയിരുന്നത്. ഇന്ദിരാഗാന്ധി ഗവൺമെന്റിന്റെ കാലത്ത് ജനസംഖ്യാ നിയന്ത്രണ ചർച്ച നടക്കുമ്പോൾ അല്ലെങ്കിൽ പഴയകാലത്ത് ചർച്ച നടക്കുമ്പോൾത്തന്നെ ജനസംഖ്യയുടെ കാര്യത്തിൽ 1971 തന്നെ അടിസ്ഥാനമാക്കണമെന്നും മുന്നോട്ടുവരുന്ന മാറ്റങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തെ ബാധിക്കരുതെന്ന ആശയവും കാഴ്ചപ്പാടും തീരുമാനവും ധാരണയുമുണ്ടായിരുന്നു. എന്നാൽ ഏകപക്ഷീയമായി 2011 എടുത്തതോടുകൂടി വലിയ തോതിലുള്ള വെട്ടികുറവുവന്നു. അതിന്റെകൂടെ മറ്റൊരു അപകടംകൂടിയുണ്ട്. പാർലമെന്റ് സീറ്റുകളും മറ്റും ഈ അടിസ്ഥാനത്തിൽ വിഭജിക്കുകയാണെങ്കിൽ ഇതിനകത്ത് ധനപരമായ പ്രശ്നം മാത്രമല്ല, പൊളിറ്റിക്കലായ

വേർതിരിവുകൂടിവരുമെന്നതാണ് ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. അത് വളരെ സജീവമായി വരികയാണ്. അങ്ങനെയാണെങ്കിൽ കേരളത്തെപോലെയുള്ള സംസ്ഥാനങ്ങൾക്ക് ജനസംഖ്യാ നിയന്ത്രണം വന്നതുകൊണ്ട് കേരളത്തിൽ നിന്നുള്ള എം.പി.-മാരുടെ എണ്ണം കുറയുകയും ഇന്ത്യൻ പാർലമെന്റിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനങ്ങൾക്ക്, ഉദാഹരണമായി ഉത്തർപ്രദേശിന് 120 എം.പി.-മാരാകുകയും കേരളത്തിന് 12 എം.പി.മാരാകുകയും ചെയ്യുന്ന തരത്തിലേയ്ക്ക് കണക്കുകൾ വരുമെന്ന് മാധ്യമങ്ങളിൽ വാർത്തകൾ വരുകയാണ്. ഇന്ത്യൻ ഡെമോക്രസിയെയും ഇന്ത്യൻ രാഷ്ട്രീയത്തെയും ബാധിക്കുന്ന തരത്തിലേയ്ക്കുള്ള ഏകപക്ഷീയമായ നിലപാടുകൾ, ഇത്തരം നിലപാട് മുഖേന വന്നിട്ടുണ്ട്. സാമ്പത്തിക പ്രശ്നം മാത്രമല്ല, രാഷ്ട്രീയ ഫെഡറലിസത്തിന്റെ എല്ലാ അംശങ്ങളെയും ബാധിക്കുന്ന പ്രശ്നങ്ങൾ അതിലുണ്ട്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനോട് വലിയ രൂപത്തിലുള്ള സാമ്പത്തിക വിവേചനം തുടർന്നുവരികയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനെ സംബന്ധിച്ച് വിശദീകരിച്ചു. ഏറ്റവും അവസാനം മുണ്ടക്കൈയിലും ചൂരൽമലയിലും ഉണ്ടായിട്ടുള്ള

പ്രശ്നംപോലും അതിന് അവസാനത്തെ ഉദാഹരണമാണ്. പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽനിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനിലേയ്ക്കെത്തുമ്പോൾ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ച സംസ്ഥാനമാണ് കേരളം. പതിനാറാം ധനകാര്യ കമ്മീഷനിലേയ്ക്ക് കടക്കുമ്പോൾ ഈ നയംതന്നെയായിരിക്കുമോ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നതെന്നാണ് കേരളം പ്രതീക്ഷിക്കുന്നത്. അങ്ങനെയാണെങ്കിൽ അതിനെ മറികടക്കാൻ നാം ഏതെല്ലാം നിലയിലുള്ള പരിശ്രമങ്ങൾക്കാണ് മുൻകൈയെടുക്കുക?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, പതിനാറാം ധനകാര്യ കമ്മീഷൻ വരുമ്പോൾ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ സമയത്തുണ്ടായിരുന്ന സംസ്ഥാനത്തോടുള്ള കടുത്ത വിവേചനം ഒഴിവാക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. നിലവിലെ സർക്കാരിന്റെ കാലാവധി കഴിഞ്ഞിട്ടായിരിക്കും പതിനാറാം ധനകാര്യ കമ്മീഷന്റെ അവാർഡിന്റെ എഫക്ട് തുടങ്ങുന്നത്. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനം ഏറ്റവും സജീവമായി അക്കാര്യത്തിൽ നടക്കുന്നതിന്റെ ഭാഗമായി എല്ലാ ഡാറ്റയും വിവിധ ഗ്രൂപ്പുകളുമെല്ലാം (അക്കാദമിക് ഗ്രൂപ്പുകളും ഇതുസംബന്ധിച്ച് ടാക്സ് ചർച്ച ചെയ്യുന്ന ഗ്രൂപ്പുകളുമെല്ലാം) അക്കാദമിക്കായി ചർച്ച

നടത്തുന്നുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, സമാനമായ പ്രശ്നങ്ങൾ നേരിടുന്ന സംസ്ഥാനങ്ങളുടെകൂടി കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് ധനകാര്യ വകുപ്പുമന്ത്രിമാരുടെ കോൺക്ലേവ് സംഘടിപ്പിച്ചത്. അന്നുതന്നെ കർണ്ണാടകയിലെ മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അവിടെ നടത്തുന്ന കോൺക്ലേവിലേയ്ക്ക് ക്ഷണിച്ചു. കൂടാതെ ആന്ധ്രാപ്രദേശ് ഇത്തരം കാര്യങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു. പഞ്ചാബിൽനിന്നും തമിഴ്നാട്ടിൽനിന്നുമുള്ള അംഗങ്ങൾ കോൺക്ലേവിൽ പങ്കെടുത്തിരുന്നു. മറ്റു പല സംസ്ഥാനങ്ങളും ഇതേ പ്രശ്നം ചർച്ച ചെയ്യുന്നുണ്ട്. അതായത്, സംസ്ഥാനങ്ങളോട് കാണിക്കുന്ന വിവേചനം ന്യായമായിട്ടുള്ള ഒരു ഫെഡറൽ രാജ്യത്തിനകത്ത് ലഭിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച ചർച്ചകൾ കളക്ടീവായി നടത്തുകയാണ്. ഏകപക്ഷീയമായി കാര്യങ്ങൾ കൊണ്ടുപോകുന്നത് ഇന്ത്യപോലെയുള്ള രാജ്യത്തെ സഹായിക്കില്ലെന്ന ബോധമാണ് പൊതുവിലുള്ളത്. കഴിഞ്ഞ ധനകാര്യ കമ്മീഷന്റെ അവാർഡ് വന്നപ്പോൾ ഏറ്റവും കൂടുതൽ ക്ഷീണം വന്ന ഒരു സംസ്ഥാനം കേരളമാണ്. ഏറ്റവും കൂടുതൽ വെട്ടികുറയ്ക്കപ്പെട്ട ഒരു

സംസ്ഥാനം കേരളമാണ്. ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്.

ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

മി.സ്പീക്കർ: ഇന്നത്തെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി മറുപടി നൽകേണ്ട ചോദ്യവുമായി ബന്ധപ്പെട്ട് പത്തൊമ്പത് അംഗങ്ങൾക്ക് ഫ്ലോറിൽ ചോദ്യം ചോദിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ഇത് ബഹുമാനപ്പെട്ട മന്ത്രിമാർക്ക് അനുകരണീയ മാതൃകയാക്കാൻ സാധിക്കുമെന്നാണ് ചെയറിന്റെ അഭിപ്രായം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)